# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ സെപ്റ്റംബർ 2025




അനുഗ്രഹങ്ങളുടെ അക്ഷയഖനി

സമ്പാളൂർ പുണ്യഭൂമിയുടെ ചരിത്ര വിസ്മയങ്ങൾ

കാർലോ അക്യുറ്റിസ്

# ഗോതുരുത്ത് കടൽവാതുരുത്ത്

# വിശുദ്ധ കുരിശിന്റെ തിരുനാളും

# നവീകരിച്ച ദൈവാലയ മുഖപ്പിന്റെ ആശീർവാദകർമ്മവും

**2025 സെപ്റ്റംബർ 24 മുതൽ 28 വരെ**






**24 ബുധൻ**

കൊടികയറ്റം

ദൈവാലയ മുഖപ്പിന്റെ ആശീർവാദം

പൊന്തിഫിക്കൽ ദിവ്യബലി

റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

8.00 pm വിശുദ്ധ ഗീവർഗീസ് ചവിട്ടുനാടകം

**25 വ്യാഴം**

മതബോധന വാർഷികദിനം



**26 വെള്ളി**

ഇടവക ദിനം

**27 ശനി**

പൊന്തിഫിക്കൽ ദിവ്യബലി

റൈറ്റ് റവ. ഡോ. ഡെന്നീസ് കുറുപ്പശ്ശേരി

**28 ഞായർ**

തിരുനാൾ ദിനം

ഗോതുരുത്ത് വള്ളംകളി

സ്വാഗതം

ഫാ. ജോയ് തേലക്കാട്ട് (വികാരി)



# ആകാശം കീഴടക്കാൻ പഠിപ്പിക്കുന്നവർക്ക്...



**ഫാ. ജോജോ പയ്യപ്പിള്ളി**
ചീഫ് എഡിറ്റർ

**'ഒരു കുട്ടി,
ഒരു അധ്യാപിക,
ഒരു പുസ്തകം,
പിന്നെ ഒരു പേന
ഇവയ്ക്ക് ഈ ലോകം
മാറ്റിമറിക്കാൻ സാധിക്കും.'**

*-മലാല യൂസഫ്സായ്*

**പ**ലരും പക്ഷികളുടെ രാജാവായി വിശേഷിപ്പിക്കുന്നത് പരുന്തിനെയാണ്. ഏകദേശം 70 വർഷത്തോളമാണ് പരുന്തിന്റെ ആയുസ്സ്. 40 വയസ്സ് ആകുമ്പോഴേക്കും പരുന്തിന്റെ കൊക്കുകളുടെ മൂർച്ച കുറഞ്ഞു തുടങ്ങും. തൂവലുകൾക്ക് ഭാരം കൂടും. കാൽ നഖത്തിന്റെ ശക്തി നഷ്ടപ്പെടും. അവസാനം ഇരയെ പിടിക്കാൻ പറ്റാതെയാകും. പിന്നെ പരുന്തിനെ സംബന്ധിച്ച് രണ്ടു മാർഗ്ഗങ്ങളേയുള്ളൂ.

**ഒന്നുകിൽ,
സാധാരണ പോലെ ജീവിച്ച് മരണത്തിന് കീഴടങ്ങുക.
അല്ലെങ്കിൽ,
സ്വയം മാറ്റത്തിന് വിധേയമാക്കുക.**

മിക്കവാറും പരുന്തുകൾ തിരഞ്ഞെടുക്കാറുള്ളത് രണ്ടാമത്തെ വഴിയാണ്. ഏതെങ്കിലും ഒരു ഉയർന്ന പർവ്വതത്തിന് മുകളിൽ പോയി ഒറ്റയ്ക്കിരുന്നിട്ട് തന്റെ കൊക്ക് പാറക്കല്ലിലിടിച്ച് കഷ്ണമാക്കി കളയും. അതിനുശേഷം ആ കൊക്ക് തിരിച്ചു വളരുന്നത് വരെ കാത്തിരിക്കും. കൊക്ക് വളർന്നതിനുശേഷം സ്വന്തം കാൽ നഖങ്ങളും തൂവലുകളും പറിച്ചുകളയും. പിന്നെയും കാത്തിരിപ്പാണ്. തൂവലും കാൽനഖവും കൊക്കും തിരിച്ചു വളരുന്നതുവരെ ഒറ്റയ്ക്ക്...



ഇതൊരു വേദന നിറഞ്ഞ രൂപീകരണമാണ്. പട്ടിണിയും ഒറ്റപ്പെടലും സഹിക്കേണ്ടി വരുന്ന വേദന നിറഞ്ഞ രൂപീകരണം. പക്ഷേ കുറച്ചു നാളുകൾക്ക് ശേഷം കൊക്കും തൂവലുകളും കാൽനഖവും വീണ്ടും വളരും. തിരികെ വളർന്നശേഷം ഈ പരുന്ത് പിന്നെയും വർഷങ്ങളോളം ജീവിക്കും. ആകാശത്തിന്റെ രാജാവായി...

ഇത്തരം പ്രതീക്ഷയും പുതുജീവിതവും നല്കുന്നവരാണ് നമ്മുടെ അധ്യാപകർ. ഓരോ കുട്ടിയുടെയും ഉള്ളിലെ 'പക്ഷിയെ' അവർ ഉണർത്തുന്നു. കുട്ടിയെ ഒരു കൂട്ടിലടച്ച തത്തയായി ജീവിച്ചു തീർക്കാനല്ല, മറിച്ച് ആകാശം കീഴടക്കാൻ കഴിയുന്ന പരുന്താക്കിത്തീർക്കാനാണ് അദ്ധ്യാപകന്റെ ശ്രമം. അതിനായാണ് അവർ ഓരോ ദിവസവും ആത്മാർത്ഥതയോടെ പാഠങ്ങൾ പങ്കുവെക്കുന്നത്.

അധ്യാപകർ വിദ്യാർത്ഥികളിൽ നിന്ന് ആന്തരിക ശക്തിയെ പുറത്തെടുക്കുന്നു. തങ്ങളുടെ പാഠങ്ങളിലൂടെ മാത്രമല്ല, മറിച്ച് ജീവിതത്തെ കാണുന്ന രീതിയിലൂടെയും സമീപനത്തിലൂടെയും കുട്ടികളുടെ കരുത്ത് തിരിച്ചറിയാൻ അവരെ സഹായിക്കുന്നു, പ്രോത്സാഹിപ്പിക്കുന്നു, പറക്കാൻ പഠിപ്പിക്കുന്നു. അതുകൊണ്ടാണ് അദ്ധ്യാപകർ നമ്മുടെ ജീവിതത്തിൽ അതുല്യന്മാരാകുന്നത്.

സെപ്റ്റംബർ, അധ്യാപകരെ ഓർക്കാനും ആദരിക്കാനും നമുക്ക് അവസരമാകുന്ന മാസമാണ്. അധ്യാപകരുടെ കൈയിൽ പിടിച്ച്, നമ്മെ ജീവിതത്തിന്റെ ആകാശത്തിലേക്ക് പറക്കാൻ കരുത്ത് നൽകി ഒരുക്കിയ ദൈവത്തിന് നന്ദി പറയാനുള്ള അവസരം. കുട്ടികളെ കൂടുകളിൽ അടച്ച തത്തകളെ പോലെ ജീവിച്ചു തീർക്കാതെ പരുന്തായി ആകാശം കീഴടക്കാൻ പ്രോത്സാഹിപ്പിക്കുന്ന എല്ലാ ഗുരുക്കന്മാരെയും ആദരിച്ചുകൊണ്ട്, ഈ അധ്യാപകദിനത്തിൽ ധൈര്യത്തെയും മാറ്റത്തിന്റെയും പാഠം പഠിപ്പിക്കുന്നവർക്കായി! നന്ദി...



## വിശ്വാസ പരിശീലന അറിയിപ്പുകൾ

| | |
|---|---|
| **2025 സെപ്തംബർ 14, ഞായർ** | സ്വർഗീയ സംഗീത സംഗമം (സെക്ഷൻ C, D & E) - രൂപതാതലം |
| **2025 സെപ്തംബർ 21, ഞായർ** | സ്വർഗീയ സംഗീത സംഗമം (സെക്ഷൻ A & B) - രൂപതാതലം |

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ സെപ്റ്റംബർ 2025

**രക്ഷാധികാരി**
റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

**ചീഫ് എഡിറ്റർ**
ഫാ. ജോജോ പയ്യപ്പിള്ളി

**സബ് എഡിറ്റേഴ്സ്**
ഫാ. നിഖിൽ ജോർജ്ജ് മുട്ടിക്കൽ
ഫാ. സിന്റോ കുരിയപറമ്പിൽ

**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ
ശ്രീ. ടൈറ്റസ് ഗോതുരുത്ത്

**മാനേജിംഗ് എഡിറ്റർ**
ഫാ. സിജോ വേലിക്കകത്തോട്ട്

**സർക്കുലേഷൻ മാനേജർ**
ഫാ. നിമേഷ് കാട്ടാശ്ശേരി

**പത്രാധിപ സമിതി**
ഫാ. ലിജോ മാത്യു താണിപ്പിള്ളി
ശ്രീ. സിപ്പി പള്ളിപ്പുറം
ശ്രീ. ജോയ് ഗോതുരുത്ത്
ശ്രീ. ജോസഫ് പനക്കൽ

**ഡി.ടി.പി.**
ശ്രീമതി നിഷ സോജൻ

എഡിറ്റർ, ദിദിമോസ്, വികാസ്,
കോട്ടപ്പുറം – 680 667
ഫോൺ : 8281420078
didimoskottapuram@gmail.com

## താളുകളിൽ

*പൈതൃകാമുഖം*
**അനുഗ്രഹങ്ങളുടെ അക്ഷയഖനി** ......................... 4

**സമ്പാളൂർ പുണ്യഭൂമിയുടെ ചരിത്ര വിസ്മയങ്ങൾ** ...... 6

**കാർലോ അക്യുറ്റിസ്** ....................................... 10

*വിശ്വാസത്തിന്റെ വഴിത്താര*
**രണ്ടും മൂന്നും നാലും പ്രമാണങ്ങൾ** ..................... 13

**പുണ്യജന്മം** ................................................ 14

*കത്തോലിക്കസഭയെ അറിയാം, പഠിക്കാം*
**അപ്പസ്തോലിക് നൂൺഷ്യോ** ............................. 15

*അയൽക്കൂട്ടം*
**ബോധി** ..................................................... 16

**രൂപത വാർത്തകൾ** ................................... 18

**ലോഗോസ് ക്വിസ് ഉത്തരം** ............................ 23

*വചനധ്യാനം*
**2025 ലോഗോസ് ക്വിസ് പരീക്ഷയ്ക്കായി ഒരുങ്ങാം** ....... 24



# അനുഗ്രഹങ്ങളുടെ അക്ഷയഖനി



**ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ**
കോട്ടപ്പുറം രൂപതാമെത്രാൻ

**സെ**പ്റ്റംബർ മാസം അനുഗ്രഹത്തിന്റെ വിവിധ ശോഭകൾ ഉള്ള മാസമാണ്. പ്രധാനമായും അഞ്ച് ശ്രേഷ്ഠമായ ഓർമ്മകൾ നാം അയവിറക്കുന്നു. ഒന്നാമത്, അധ്യാപകദിനം, രണ്ടാമത് വിശുദ്ധ മദർ തെരേസയുടെ തിരുനാൾ, മൂന്നാമത് പരിശുദ്ധ കന്യകാമറിയത്തിന്റെ ജന്മദിനം, നാലാമത് കുരിശിന്റെ മഹത്വീകരണത്തിരുനാൾ, അഞ്ചാമതായി മുഖ്യദൂതന്മാരായ മിഖായേൽ മാലാഖയുടെയും, റഫായേൽ മാലാഖയുടെയും, ഗബ്രിയേൽ മാലാഖയുടെയും തിരുനാൾ. മഹത്വം നിറഞ്ഞ ഒരു മാസം നമ്മുടെ ജീവിതത്തെ കൂടുതൽ പ്രകാശിപ്പിക്കുവാൻ കഴിവുള്ള ജീവിതരേഖകളും ചിന്താസരണികളും നമുക്ക് നൽകുന്നു.

അധ്യാപകരെ ഓർത്തുകൊണ്ട് ഈ മാസത്തെ ചിന്തകൾക്ക് നമുക്ക് പീലി വിടർത്താം. അക്ഷരങ്ങളുടെ താക്കോൽ കൈവശമുള്ള അധ്യാപകർ, തങ്ങൾക്ക് ലഭിക്കുന്ന മക്കളെ അക്ഷര ലോകത്തേക്കും അറിവിന്റെ വിഹായസ്സിലേയ്ക്കും കൈപിടിച്ച് നടത്തുന്ന കാവൽദൂതന്മാരാണ്. പ്രപഞ്ചസൃഷ്ടിയിലെ ഓരോ അണുവിനോടുപോലും ബന്ധമുള്ളവരാണ് നാം ഓരോരുത്തരും. നല്ല മനുഷ്യരാകുവാൻ പഠിപ്പിക്കുക എന്നതാണ് അധ്യാപകരെ സംബന്ധിച്ച് ഏറ്റവും വലിയ പാഠം. മതത്തിനും ജാതിക്കും വർണ്ണത്തിനും വർഗ്ഗത്തിനും അതീതമായി ചിന്തിച്ചുകൊണ്ട് ഈ ലോകത്തിന് മുഴുവൻ ലൗ ദാത്തോ സീ (നിനക്ക് സ്തുതി) എന്നു പറഞ്ഞു പഠിപ്പിക്കുമ്പോൾ എല്ലാ അധ്യാപകരും യഥാർത്ഥ കൈവിളക്കുകൾ ആകുന്നു. ജീവിക്കുന്ന പാഠപുസ്തകങ്ങൾ ആകുവാൻ നിങ്ങൾക്ക് കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് അധ്യാപക ദിനാശംസകൾ നേരുന്നു.

ഏറ്റവും നല്ല പാഠം പഠിപ്പിച്ച ഒരു അധ്യാപികയാണ് വിശുദ്ധ മദർ തെരേസ. ലോകത്തിലുള്ള എല്ലാ മക്കളും ദൈവമക്കളാണ് എന്ന ബോധ്യത്തിൽ നിന്നും തന്റെ നാടും, വീടും, സുഖസൗകര്യങ്ങളും ഉപേക്ഷിച്ചു ഇന്ത്യയിലെ പാവങ്ങളെ തേടി വന്നത് വിശുദ്ധയാകുവാനല്ല, മറിച്ച് യഥാർത്ഥ മനുഷ്യമുഖം അത് ദൈവികമാണെന്നും ആ മുഖം എല്ലാവർക്കും ഒരുപോലെ ആണെന്നും പഠിപ്പിക്കുവാനാണ്. മുറിച്ചു കൊടുക്കുമ്പോൾ സ്വയം മുറിവു പറ്റുമെന്ന ബോധ്യത്തോടെ, അതാണ് പരമമായ സ്നേഹം എന്ന തിരിച്ചറിവോടെ തന്നെത്തന്നെ മുറിച്ചുകൊടുത്ത പരിശുദ്ധ കുർബാനയായിതീർന്ന ഈശോയുടെ പാതയിൽ വീണ്ടും വെളിച്ചം പകർന്നതാണ് വിശുദ്ധ മദർ തെരേസയെ ഉന്നതിയുടെ ശ്രേണിയിൽ നിർത്തുന്നത്.

ജീവിതം മറ്റുള്ളവർക്ക് പാഠപുസ്തകം ആകണമെങ്കിൽ സ്വയം മറക്കുവാൻ തയ്യാറാവണം. നമ്മെ മറക്കുമ്പോൾ ദൈവത്തെ ഓർക്കുവാനും ദൈവത്തിന്റെ ശബ്ദം കേൾക്കുവാനും ദൈവത്തിന്റെ ഹിതം അറിയുവാനും നമുക്ക് കഴിയും. പരിശുദ്ധ അമ്മയുടെ ജന്മദിനത്തിരുനാൾ ആഘോഷിക്കുന്ന ഈ മാസ



യേശു ക്രിസ്തു ലോകത്തിലേക്കു വന്നത് പാപികളെ രക്ഷിക്കാനാണ് എന്ന പ്രസ്താവം വിശ്വസനീയവും തികച്ചും സ്വീകാര്യവുമാണ്. പാപികളിൽ ഒന്നാമനാണു ഞാൻ.
1 തിമോ 1:15

ത്തിൽ അമ്മയുടെ വാക്കുകൾ ഈ മാസം മുഴുവൻ നമ്മുടെ കർണ്ണപുടങ്ങളിലും ഹൃദയങ്ങളിലും കൊളുത്തിയിടണം. "ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്ക 1 : 38). "ഞാൻ എന്റേതല്ല, ഞാൻ അങ്ങയുടേതാണ്, ഞാൻ ദാസിയാണ് ഞാൻ എന്തും നിർവഹിക്കുവാൻ ഞാൻ തയ്യാറാണ്" എന്ന് പറയുന്നിടത്താണ് സന്യാസത്തിന്റെ വ്രതങ്ങൾ അടങ്ങിയിരിക്കുന്നത്.""ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരരും" (ലൂക്ക 8 : 21 ) എന്ന വാചകത്തിൽ നാം ആരാണ് ആയിരിക്കേണ്ടതെന്ന് വ്യക്തമായ സൂചനയുണ്ട്.

ദൈവത്തിന്റെ ഇഷ്ടം കേൾക്കുമ്പോൾ, ലോകത്തിന്റെ ചില്ലുകൂടാരങ്ങളെ ഉപേക്ഷയുടെ കോണിലേക്ക് നീക്കേണ്ടതായി വരും. വിളിക്കപ്പെട്ട ശിഷ്യന്മാർ വഞ്ചിയും, വലയും, അപ്പനും, അമ്മയും, കുടുംബവും, തങ്ങളുടെ ജീവിതശൈലിയും പഴയ ജീവിതരീതികളും ഉപേക്ഷിക്കുന്നത് നാം സുവിശേഷങ്ങളിൽ വായിക്കുന്നു. "ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" (മത്തായി 16:24) എന്ന് പറയുമ്പോൾ കുരിശ് ചുമക്കുമ്പോഴുള്ള അവജ്ഞയെ നേരിടുവാനുള്ള ചങ്കുറപ്പ് വേണമെന്ന് ഗുരു നിർബന്ധം പിടിക്കുന്നുണ്ട്. കുരിശിൽ മരിക്കുന്നതിനേക്കാൾ അപമാനകരമാണ് കുരിശു ചുമന്ന് മറ്റുള്ളവരുടെ മുന്നിൽ ആരുമല്ലാതായിത്തീരുന്ന അവസ്ഥ. പീഡിപ്പിക്കപ്പെടുന്ന ക്രൈസ്തവരും കത്തോലിക്കരും അത് ക്രിസ്തുവിനെ പ്രതിയാണെങ്കിൽ സന്തോഷിക്കണം" എന്നാണ് മലയിലെ പ്രസംഗത്തിൽ (മത്തായി 5 : 112) ഈശോ പറയുന്നത്. ഈ ലോകത്തിൽ ചെറുതാകാൻ പഠിക്കുമ്പോഴും എല്ലാം വിട്ടു ഉപേക്ഷിക്കാൻ തയ്യാറാകുമ്പോഴും, തെറ്റൊന്നും ചെയ്യാതെ മറ്റുള്ളവരുടെ മുമ്പിൽ അപമാനിതരായി തീരുമ്പോൾ ക്രിസ്തുവിന്റെ കുരിശിൽ നാമെല്ലാം ചേർത്ത് ആണി തറക്കപ്പെടുകയാണ്. ഇവിടെയാണ് കുരിശിന്റെ മഹത്വം നാം മനസിലാക്കുന്നത്.

ഈ മാസത്തിന്റെ അവസാനമാവുമ്പോഴേക്കും നമ്മെ ശക്തിപ്പെടുത്തുന്ന മാലാഖമാർ സാന്ത്വനത്തിന്റെ തൂവാലയുമായ് നമ്മുടെ അടുത്തെത്തുമെന്ന ഓർമ്മ ഈ മാസത്തെ കൂടുതൽ തേജസ്സുറ്റതാക്കുന്നു. മുഖ്യദൂതന്മാർ നമ്മെ ഓർമ്മപ്പെടുത്തുകയാണ്: നിന്റെ പ്രലോഭനങ്ങളിലും, ബന്ധനങ്ങളിലും, ആസക്തികളിലും നിന്നെ വഴി നടത്തുവാനും, സഹായിക്കുവാനും ദൈവത്തെ പോലെയുള്ള മിഖായേൽ എന്ന മുഖ്യദൂതൻ ഉണ്ട്. രോഗങ്ങളിലും, ദുരിതങ്ങളിലും സൗഖ്യത്തിന്റെ തൈലവുമായി നിന്നരികിൽ മുഖ്യദൂതനായ റഫായേൽ മാലാഖയുണ്ട്. ദൈവസന്ദേശം നിന്നിലേക്ക് എത്തിക്കുവാനും, നിന്റെ സന്ദേശങ്ങൾ ദൈവത്തിങ്കലേക്ക് എത്തിക്കുവാനും സന്തോഷത്തിന്റെ ചിറകുവിരിച്ച് നിന്റെകൂടെ മുഖ്യദൂതനായ ഗബ്രിയേൽ ഉണ്ട്.

അനുഗ്രഹങ്ങളും അനുഭവങ്ങളും ദർശനങ്ങളും വെറുതെ ലഭിക്കുന്നതല്ല. അതിനായി കാതോർക്കണം. ഹൃദയങ്ങൾ തുറക്കണം. അങ്ങനെ ഈ മാസത്തെ ഓരോ ദിവസവും ഒരു കുഞ്ഞിന്റെ ജിജ്ഞാസയോടെ രണ്ടു കൈകളും നീട്ടി നമുക്ക് അനുഗ്രഹങ്ങളും ദർശനങ്ങളും അനുഭവങ്ങളും സ്വീകരിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ■

## ഫാമിലി അപ്പസ്തോലേറ്റിന്റെ സെപ്റ്റംബർ മാസത്തെ പരിപാടികൾ

**12, 13 & 14 തീയതികളിൽ വിവാഹ ഒരുക്ക കോഴ്സ്**

**14-ാം തീയതി വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുള്ള സെമിനാർ** ( 2pm - 4 pm)



# സമ്പാളൂർ പുണ്യഭൂമിയുടെ ചരിത്ര വിസ്മയങ്ങൾ...



ഷൈൻ അവരേശ്, സമ്പാളൂർ

സമ്പാളൂർ.... പഴമയുടെ പെരുമ നിറഞ്ഞ് നിൽക്കുന്ന ഇനിയും നിലയ്ക്കാത്ത ചരിത്രങ്ങളുടെ വിസ്മയമായ ദേശം..... അനവധി  പുണ്യാത്മാക്കളുടെയും പ്രേക്ഷിതവര്യരുടെയും.. ചൈതന്യമാർന്ന കാൽപാദങ്ങൾ പതിഞ്ഞ് കിടക്കുന്ന പുണ്യഭൂമികൂടിയാണ് സമ്പാളൂർ. പോർച്ചുഗീസ് സംസ്ക്കാരവും, ജസ്യൂട്ട് സംസ്ക്കാരവും ഇടകലർന്ന കേരളത്തിന്റെ ഗോവ എന്നാണ് സമ്പാളൂർ ദേശത്തെക്കറിച്ച് കേരള ടൂറിസം മാപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സ്പെയിനിലെ നവാറയിൽ 1506 ൽ ഡോൺജ്യൂവന്റെയും, ഡോണയുടെയും ആറാമത്തെ മകനായി വലിയൊരു പ്രഭുകുടുംബത്തിൽ ജനിച്ച ഫ്രാൻസിസിന്റെ ചരിത്രത്തിലൂടെയാണ് സമ്പാളൂർ മണ്ണ് ലോക പ്രശസ്തമായത്. പാരിസ് സർവകലാശാലയിലെ ഉന്നത പഠനത്തിനിടയിൽ ഇഗ്നേഷ്യസ് ലയോളയുടെ പ്രേരകാത്മകമായ ദൈവവചനം. "ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവ് നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം"(മത്തായി 16 : 26 ) എന്ന ദൈവ വചനത്തിന്റെ ആത്മീയ പ്രേരണ ഉൾകൊണ്ട് ഈശോ സഭയിൽ അംഗമാവുകയും, പ്രേഷിതദൗത്യത്തിന്റെ ഭാഗമായി ഇന്ത്യയിലും, തുടർന്ന് സമ്പാളൂരും എത്തി ചേർന്നത്  ദൈവനിയോഗത്തിന്റെ  കാലം കരുതി വച്ച വിസ്മയ കാഴ്ചയായിരുന്നു.

ഒരു കൈയ്യിൽ മണിനാദവും, മറുകൈയ്യിൽ ക്രൂശിത രൂപവുമായി ആദ്യം ഗോവയിലും, തുടർന്ന് കൊടുങ്ങല്ലൂർ-കോട്ടപ്പുറം മുസരീസ് പൈതൃക ഭൂമിയിലും എത്തിച്ചേർന്ന്  സാൻ പൗൾ ഊരിലെ ചരിത്രത്തിന്റെ ഭാഗമായത് 15-ാം നൂറ്റാണ്ടിന്റെ മായാതെ നിൽക്കുന്ന പഴമയുടെയും, പാരമ്പര്യത്തിന്റെയും, സഭയുടെയും  കൂട്ടിച്ചേർക്കലുകൾ കൂടിയായിരുന്നു.  1542, 1546, 1548 എന്നിങ്ങനെ മൂന്ന് പ്രാവശ്യമാണ് ഫ്രാൻസിസ് സേവ്യർ  മാരാംകുഴി കപ്പൽചാൽ വഴി സമ്പാളൂരിൽ വന്നിറങ്ങിയതും വചന പ്രഘോഷണത്തിലൂടെ അനേകർക്ക് ആശ്വാസവും, വിശ്വാസവും പകർന്ന് നൽകിയതും. പിന്നീട് ചരിത്രം സൃഷ്ടിക്കപ്പെടുകയായിരുന്നു. സമ്പാളൂർ ഈശോ സഭയുടെ ആസ്ഥാനമാവുകയും, അവിടെ ദൈവാലയവും, സെമിനാരിയും, അച്ചുകൂടവും ഉയർന്ന് വരികയും ക്രിസ്തു സഭയുടെ മഹ



*എല്ലാം പൂർത്തിയായിരിക്കുന്നു. അവൻ തല ചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു.*

യോഹ 19:30

ത്വമാർന്ന പുണ്യഭൂമിയായി സമ്പാളൂർ മാറുകയും ചെയ്തു. അത് ഇവിടത്തെ ഓരോ മൺതരികളിലും പതിഞ്ഞ് കിടക്കുന്ന യാഥാർത്ഥ്യങ്ങളുടെ ചരിത്ര വീഥിയുടെ വിശ്വാസ ദീപങ്ങളും പൈതൃകത്തിന്റെ പിറവിയുമായിരുന്നു.

## സമ്പാളൂരിന്റെ മഹത്വമാർന്ന വ്യക്തിത്വങ്ങൾ



സെന്റ് ജോൺ ബ്രിട്ടോ



ഫാ. ജോസഫ് കോൺസ്റ്റന്റയിൻ ബസ്കി



അർണ്ണോസ് പാതിരി

### വി. ജോൺ ബ്രിട്ടോ (സമ്പാളൂരിന്റെ ദ്വിദിയ അപ്പസ്തോലൻ)

1641 മാർച്ച് 1 ന് പോർച്ചുഗല്ലിന്റ തലസ്ഥാനമായ ലിസ്ബണിലെ പ്രഭുകുടുംബത്തിലാണ് ജനനം. ഫ്രാൻസിസ് സേവ്യറിന്റെ പ്രേഷിത വഴികൾ അനുകരിച്ചിരുന്ന അദ്ദേഹം ആ പാത പിൻതുടർന്ന് ഈശോ സഭാ അധികാരികളുടെ നിർദ്ദേശപ്രകാരം മധുര മിഷന്റെ ഭാഗമായി സെന്റ് പോൾസ് സെമിനാരിയിൽ നൊവിഷിയേറ്റ് പഠനം പൂർത്തിയാക്കുകയും സ്വാമി അരുളാനന്തം എന്ന പേര് സ്വീകരിച്ച് മധുര മിഷന്റെ ഭാഗമായി ഇന്ത്യയിലുടനീളം യാത്ര ചെയ്യുകയും തമിഴ്നാട്ടിലെ ഒരിയൂരിൽ വച്ച് രക്തസാക്ഷിത്വം വരിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ സ്മരണകൾ ഇന്നും സമ്പാളൂരിന്റെ ജ്വലിക്കുന്ന ഓർമ്മകളാണ്.

### അർണോസ് പാതിരി

ജർമ്മനിയിലെ ഓസ്റ്റർ കപ്പളെൻ എന്ന സ്ഥലത്ത് 1681 ൽ ജനിച്ച ജോൺ എണസ്റ്റ്, പിന്നിട് അർണോസ് എന്ന നാമം സ്വീകരിക്കുകയും ഈശോ സഭാനേതൃത്വത്തിന്റെ നിർദേശപ്രകാരം സമ്പാളൂർ സെന്റ് പോൾസ് സെമിനാരിയിൽ നിന്ന് 1703 ൽ വൈദികപട്ടം സ്വീകരിക്കുകയും 1704 ൽ നിത്യവൃതം സ്ഥീകരിച്ച് വിവിധങ്ങളായ ഭാഷകൾ സ്വായത്തമാക്കി പ്രത്യേകിച്ച് ഗ്രീക്ക്, ലത്തീൻ ഭാഷകളിൽ പ്രാവീണ്യം നേടി ഫാ. അർണോസ് സമ്പാളൂരിലെ അച്ചടി ശാലയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അത്ഭുതകരമായ അക്ഷര ചാലുകളിലൂടെ മലയാള സാഹിത്യത്തിന് നൽകിയ സംഭാവനകൾ പൗരാണിക മലയാള സാഹിത്യത്തിന്റെ പുളകചാർത്താണ്. പുത്തൻപാന അർണോസ് പാതിരിയെഴുതിയ ലോകപ്രശസ്തമായ കൃതിയാണ്. അതോടൊപ്പം 'ഗ്രാമാറ്റിക്ക ഗ്രന്ഥാണിക്ക' എന്ന സംസ്കൃത വ്യാകരണം അപൂർവങ്ങളിൽ അപൂർവമായ ക്ലാസിക്ക് കൈയ്യെഴുത്ത് സൃഷ്ടിയാണ്.

### റവ. ഫാ. ജോസഫ് കേൺസ്റ്റന്റയിൻ ബെസ്ക്കി

തമിഴ് സാഹിത്യത്തിന്റെ കുലപതി എന്നറിയപ്പെടുന്ന ഇറ്റലിക്കാരനായ അദ്ദേഹം സമ്പാളൂർ മണ്ണിൽ അടക്കം ചെയ്യപ്പെട്ട മഹാവ്യക്തിത്വമാണ്... 1711 ൽ സമ്പാളൂർ സെന്റ് പോൾസ് സെമിനാരിയിൽ വൈദിക പഠനം പൂർത്തിയാക്കി മധുര മിഷന്റെ ഭാഗമായി തമിഴ്നാട്ടിൽ 35 വർഷം സേവനം ചെയ്തതിന് ശേഷം 1746 ൽ ഈശോ സഭാനേതൃത്വം അസോ. പ്രഥസറായി റവ.ഫാ ജോസഫ് കോൺസ്റ്റന്റയിൻ ബെസ്ക്കിയെ സമ്പാളൂരിൽ നിയമിച്ചു. അത് സമ്പാളൂർ മണ്ണിൽ സാഹിത്യത്തിന്റെയും, ആത്മീയതയുടെയും കർമ്മപതത്തിന്റെ തിളക്കമാർന്ന പുത്തൻ പാതയായിരുന്നു. 17 ഭാഷകൾ അനായാസമായി അദ്ദേഹം കൈകാര്യം ചെയ്തിരുന്നു. തോംബാ

വനി അദ്ദേഹത്തിന്റെ ലോകപ്രസ്തമായ രചനയാണ്. വിവിധ ഭാഷാരചനകൾ നിർവഹിക്കുന്നതിനിടയിലാണ് 1747 ൽ അസുഖബാധിതനായി സമ്പാളൂർ ആശ്രമത്തിൽ വിശ്രമ ജീവിതം നയിക്കവേ സമ്പാളൂരിൽ വച്ച് അദ്ദേഹം ദിവംഗതനാവുകയായിരുന്നു. ആ ഭൗതിക ശരീരം അടക്കം ചെയ്യപ്പെട്ട ദൈവാലയ മണ്ണിലെ കല്ലറ ബെസ്ക്കി മന്ദിരം എന്ന പേരിൽ സമ്പാളൂരിന്റെ അമൂല്യ നിധിയായി ഇന്നും സംരക്ഷിക്കപ്പെടുകയാണ്. അനേകായിരങ്ങളാണ് തമിഴ്നാട്ടിൽനിന്ന് ഉൾപ്പെടെ ഇവിടെ എത്തി അദ്ദേഹത്തിന്റെ സ്മൃതിമണ്ഡപത്തിൽ പുഷ്പ്പാർച്ചന നടത്തി പ്രാർത്ഥിക്കുന്നതും, അനുഗ്രഹങ്ങൾ തേടുന്നതും...



എല്ലാ ചരിത്രവും തുടങ്ങുന്നത് മുസരീസ് പൈതൃകഭൂമി എന്നറിയപ്പെടുന്ന കൊടുങ്ങല്ലൂർ - കോട്ടപ്പുറം തുറമുഖം മേഖലകളിലൂടെയാണ്. അവിടെയാണ് കോട്ടപ്പുറം രൂപതയുടെ മഹത്വവും സമ്പാളൂരിന്റെ മഹത്വവും തെളിഞ്ഞ് നിൽക്കുന്ന നേർരേഖയാകുന്നത്. 1662 മുതലുള്ള സമ്പാളൂർ ചരിത്രം ഈശോസഭയുടെ ആസ്ഥാന ചരിത്രം കൂടിയായി മാറുകയായിരുന്നു. കൊച്ചിയിൽ ഈശോസഭാ ആസ്ഥാനം 1661 ൽ ഡച്ചുകാരുടെ ആക്രമണത്താൽ തകർക്കപ്പെട്ടപ്പോൾ സെന്റ് പോൾസ് സെമിനാരിയും, ആശ്രമവും സെന്റ് പോൾസ് അച്ചുകൂടവും മാറ്റി സ്ഥാപിക്കാൻ സഭ നിർബന്ധിതരായി. അങ്ങനെ വി.ഫ്രാൻസിസ് സേവ്യറിന്റെയും, വി. ജോൺ ബ്രിട്ടോയുടെയും ആത്മീയ ചൈതന്യം നിറഞ്ഞ് നിൽക്കുന്ന സമ്പാളൂർ മണ്ണിലേയ്ക്ക് ഒരു സഭയുടെ ആസ്ഥാനം മാറ്റി സ്ഥാപിക്കപ്പെട്ടു എന്നത് സമ്പാളൂരിന്റെ മഹത്വം ലോകത്തിന് മുന്നിൽ തെളിഞ്ഞ് നിൽക്കുന്ന മായാത്ത ചരിത്രമാണ്.

1781 ൽ ടിപ്പു നടത്തിയ പടയോട്ടം സമ്പാളൂർ ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കറുത്ത ഏടാണ്. ചരിത്രപരമായ അനവധി രേഖകളും, സ്മാരകങ്ങളും ആക്രമണത്തിൽ തകർത്തെറിയപ്പെട്ടു. ഇന്നും നിധിപോലെ സംരക്ഷിക്കപ്പെടുന്ന ആ ദൈവാലയ അവശിഷ്ട ഭാഗങ്ങൾ ഈ ചരിത്രഭൂമിയിലെ അവശേഷിക്കപ്പെട്ട അമൂല്യമായ തിരുശേഷിപ്പുകളാണ് സാക്ഷ്യങ്ങളാണ്.




**സമ്പാളൂരിലെ ചരിത്ര കാഴ്ചകൾ**

വിശുദ്ധ ഫ്രാൻസീസ് സേവ്യറിന്റെ രണ്ട് തിരുശേഷിപ്പുകൾ ഇവിടത്തെ പ്രതിഷ്ഠയാണ്. 2008 മാർച്ച് 17 ന് റോമിൽ നിന്ന് കൊണ്ട് വന്ന വിശുദ്ധന്റെ വലത് കൈവിരലിന്റെ ഭാഗവും അഞ്ഞൂറാം ജന്മദിനത്തിൽ ഗോവയിൽ നിന്ന് കൊണ്ട് വന്ന ത്വക്കിന്റെ ഭാഗവും ഇവിടെ തിരുശേഷിപ്പായി സൂക്ഷിച്ചിരിക്കുന്നു. റോമൻ കൂരിയയിൽ നിന്ന് കൈമാറിയ രേഖകൾ ഒരു ചരിത്ര നിധിപോലെ ഇവിടെ സൂക്ഷിക്കപ്പെട്ടിരിക്കുന്നു..

**ചരിത്ര കിണർ**

1542-48 കാലഘട്ടത്തിൽ സമ്പാളൂർ മണ്ണിൽ ദൈവനിയോഗത്താൽ എത്തി ചേർന്ന ഫ്രാൻസിസ് സേവ്യർ അനേകർക്ക് വിശ്വസം പകർന്ന് നൽകിയും, സ്നാനം നൽകുകയും ചെയ്ത 15-ാം നൂറ്റാണ്ടിലെ ഈ കിണർ ഇന്നും വിസ്മയമാണ്. ഈ കിണറിൽ നിന്ന് ജലം നേർച്ചയായി സ്വീകരിച്ച് പ്രാർത്ഥിക്കുന്നവർക്ക് വലിയ രോഗശാന്തിയും സൗഖ്യങ്ങളും ലഭിക്കുന്നതായി അനേകായിരങ്ങളാണ് സാ

ക്ഷ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ജ്ഞാനസ്നാനം, വെഞ്ചിരിപ്പ് ഉൾപ്പെടെയുള്ള തിരുകർമ്മങ്ങൾക്ക് ഈ ജലമാണ് ഉപയോഗിക്കുന്നത്.

### സേവ്യർ കാസിൽ

1662 ൽ ജെസ്യൂട്ട് മിഷ്ണറിമാർ സ്ഥാപിച്ച സെന്റ് പോൾസ് സെമിനാരി ഉൾപ്പെടുന്ന ദൈവാലയ ഭാഗം പ്രത്യേകമായി സംരക്ഷിക്കുന്നു. 1789 ലാണ് ടിപ്പുവിന്റെ ആക്രമണത്തിൽ ഈ ദൈവാലയം തകർക്കപ്പെടുകയും കൊള്ളയടിക്കപ്പെടുകയും ചെയ്തത്. ആ സംഭവത്തിന് ശേഷം കിട്ടിയ കുറച്ച് ഭാഗങ്ങളുടെ മേഖലകൾ ചരിത്രത്തിന്റെ ഓർമ്മപ്പെടുത്തലായി സംരക്ഷിച്ച് നിർത്തിയിരിക്കുന്നു.

### റവ.ഫാ ജോസഫ് കോൺസ്റ്റന്റയിൽ ബെസ്ക്കിയെ അടക്കം ചെയ്ത കല്ലറ

സമ്പാളൂരിന്റെ ഡിവൈൻ സ്റ്റാർ എന്നറിയപ്പെടുന്ന റവ.ഫാ ബെസ്ക്കിയുടെ ഭൗതിക ശരിരം അടക്കം ചെയ്ത സെന്റ് പോൾസ് ദൈവാലയത്തോട് ചേർന്ന ഭാഗം ബെസ്ക്കി മന്ദിരമായി  സംരക്ഷിക്കപ്പെട്ടിരിക്കുന്നു... അദ്ദേഹത്തിന്റെ മഹത്വം ലോകത്തിന്റെ അത്ഭുതമാണ്.

### വി. ജോൺ ബ്രിട്ടോ ബലയർപ്പിച്ച അൾത്താര

1662 കാലഘട്ടത്തിൽ സ്ഥാപിതമായ അൾത്താരയുടെ ഭാഗം പഴമയുടെ ചരിത്രമായി ഇവിടെ സംരക്ഷിക്കപ്പെടുന്നു. അദേഹം രക്തസാക്ഷിത്വം വരിച്ച മണ്ണ് ചുവന്ന നിറമാ



യി മാറ്റമില്ലാതെ തുടരുന്നത് ലോകത്തിന് ഇന്നും അത്ഭുതമാണ്. അനേകം മിഷണറി ശ്രേഷ്ഠന്മാരാണ് ഈ അൾത്താരയിൽ ബലിയർപ്പിച്ചിട്ടുള്ളത്. ടിപ്പുവിന്റെ ആക്രമണത്തിന് ശേഷം 1862 ൽ പണിത പള്ളിയുടെ അൾത്താര ഭാഗവും ഇന്ന് മ്യൂസിയത്തിന്റെ ഭാഗമായി തിരിക്കപ്പെട്ട സ്ഥലത്ത് സ്മാരകമായി സംരക്ഷിച്ചിരിക്കുന്നു.

### ചരിത്ര മ്യൂസിയം

സമ്പാളൂരിന്റെ ചരിത്രവും, ആഗ്ലോ ഇന്ത്യൻ ചരിത്രവും, സംസ്ക്കാരവും ചരിത്രരേഖകളിലൂടെ പ്രതിപാധിക്കുന്ന ഹിസ്റ്റോറിയൽ മ്യൂസിയം ഓരോ സംഭവങ്ങളും ഇവിടെ അടയാളപ്പെടുത്തിയ ചരിത്ര രേഖയായി സംരക്ഷിക്കുന്നു.



### ശൗരിയാർ ദിനം

ശനിയാഴ്ചകളിൽ ആണ് ശൗരീയാർ ദിനമായി കൊണ്ടാടുന്നത്. അന്നേദിനം രാവിലെ 10 മണിക്കുള്ള ദിവ്യബലിക്ക് ശേഷം ആശിർവ്വദിച്ച നേർച്ചഭക്ഷണം നൽകിക്കൊണ്ടിരിക്കുന്നു. പുണ്യവാന്റെ സന്നിധിയിൽ എത്തി പ്രാർത്ഥിക്കുന്നവർക്കുള്ള നിയോഗവും സമർപ്പണവുമാണ് ശൗരിയാർ ദിനം. തുടർച്ചയായ ദിവ്യബലിയും, നൊവേനയും, ആരാധനയും നേർച്ച ഭക്ഷണവുമൊക്കെ സ്വീകരിച്ച് പ്രാർത്ഥിക്കാൻ പുണ്യവാളന്റെ സന്നിധിയിൽ എത്തുന്നവർ ദിനംപ്രതി വർദ്ധിച്ചു കൊണ്ടിരിക്കുന്നു. നമുക്ക് പ്രാർത്ഥനകൾ നൽകാം... പിൻതുണകൾ നേരാം... സമ്പാളൂർ എന്ന വിസ്മയ മണ്ണിന്റെ ചരിത്ര കാലൊച്ചകളായി മാറാം...

■



# കാർലോ അക്യുറ്റിസ്



രതീഷ് ഭജനമഠം, ആലപ്പുഴ

നവമാധ്യമ ലോകത്തിന്റെ പ്രേഷിതനും യുവജനതയ്ക്ക് മഹനീയ മാതൃകയും നവസഹസ്രാബ്ദത്തിലെ വിശുദ്ധനുമായി ആഗോളതിരുസഭ ഉയർത്തിക്കാട്ടുന്ന, പുണ്യചരിതനായ കാർലോ അക്യുറ്റിസിനെ പരിശുദ്ധപിതാവ് ലെയോ പതിനാലാമൻ പാപ്പാ 2025 ജൂബിലി വർഷത്തിലെ സെപ്തംബർ 7 ന് വിശുദ്ധനായി പ്രഖ്യാപിക്കുകയാണ്. ആധുനിക മാധ്യമങ്ങളെ ദൈവമഹത്വത്തിനും സുവിശേഷ പ്രചരണത്തിനും ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാനുമായി ശക്തമായി വിനിയോഗിച്ച സൈബർ ലോകത്തെയും ഡിജിറ്റൽ കാലത്തെയും പുണ്യസാന്നിദ്ധ്യമായ കാർലോ 1991 മെയ് 3 ന് ലണ്ടനിലും ജനിച്ചു. ജോലിസംബന്ധമായി ലണ്ടനിൽ വസിച്ചിരുന്ന പോളിഷ് വംശജനായ അന്ദ്രേയ അക്യുറ്റിസിന്റെയും ഇറ്റാലിയൻ വംശജയായ അന്റോണിയ സൽസാനോയുടെയും ആദ്യമകനാണ് കാർലോ. 'കാറ്റികിസ്റ്റ് സിസ്റ്റേഴ്സ് ഓഫ് സേക്രഡ് ഹാർട്ട്' എന്ന സന്യാസിനി സഭയുടെ സ്ഥാപകയായ വി. ജൂലിയാനോ സൽസാനോയും ദിവ്യരക്ഷകസഭയുടെ സ്ഥാപകനായ വി. അൽഫോൻസ് ലിഗോരിയും കാർലോയുടെ അമ്മയുടെ കുടുംബത്തിലെ പൂർവ്വികരായിരുന്നുവെങ്കിലും അവന്റെ മാതാപിതാക്കൾ സാധാരണ ക്രിസ്തീയ വിശ്വാസികൾ മാത്രമായിരുന്നു. 1991 മെയ് 18 ന് ലണ്ടനിലെ വ്യാകുലമാതാ പള്ളിയിൽ കാർലോയ്ക്ക് ജ്ഞാനസ്നാനം നൽകിയതിനെ തുടർന്ന് അവൻ ശിശുവായിരിക്കേ ആ വർഷം സെപ്തംബറിൽ ആ കുടുംബം ഇറ്റലിയിലെ മിലാനിലേക്ക് താമസം മാറ്റി.

നാലാം വയസ്സിൽ നഴ്സറിയിൽ ചേർന്ന കാർലോ ബാല്യകാലം മുതൽ വിശ്വാസ ജീവിതത്തിലും പ്രാർത്ഥനാ തീക്ഷണതയിലും ആഴപ്പെട്ടവനായി വളർന്നിരുന്നു. ബാല്യത്തിൽ അവൻ മാതാപിതാക്കന്മാരിൽ നിന്നും വിശുദ്ധ ഗ്രന്ഥം വായിച്ചു കേൾക്കാനും വിശുദ്ധരുടെ ജീവചരിത്രം അറിയാനും ഏറെ ആഗ്രഹിച്ചിരുന്നു. ബാല്യം മുതൽ പള്ളിയിൽ വച്ച് ദീർഘസമയം പ്രാർത്ഥിച്ചിരുന്ന അവനെ 5-ാം വയസ്സിൽ അമ്മ പോംപെയിലെ ജപമാല രാജ്ഞിയുടെ തീർത്ഥാടന കേന്ദ്രത്തിൽ കൊണ്ടുപോയി ജപമാല ചൊല്ലി മരിയൻ സന്നിദ്ധിയിൽ സമർപ്പിച്ചത് അവനെ വലിയ മരിയഭക്തനാക്കി മാറ്റി. ജപമാലയർപ്പിക്കാൻ പഠിച്ച അന്നുമുതൽ അവൻ എന്നും തീക്ഷണതയോടെ ജപമാല ചൊല്ലിയിരുന്നു. കുട്ടിക്കാലം മുതൽ കളികളും വിനോദങ്ങളും യാത്രകളും സുഹൃദ്ബന്ധങ്ങളും വിനോദയാത്രകളും കമ്പ്യൂട്ടർ ഗെയിമുകളും മറ്റും കാർലോ ഇഷ്ടപ്പെട്ടിരുന്നുവെങ്കിലും അവൻ ദിവ്യരക്ഷകനുമായുള്ള ആഴമാർന്ന പ്രാർത്ഥനാനുഭവത്തിലും ചൈതന്യത്തിലുമാണ് വളർന്നുവന്ന

ത്. മിലാനിലെ സെന്റ് കാർലോ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന് പഠനം ആരംഭിച്ച അവൻ തുടർന്ന് വീടിനടുത്തുള്ള സാൻ തോമസോ സ്കൂളിൽ ചേർന്ന് വിദ്യാഭ്യാസം നടത്തി. കൃത്യനിഷ്ഠ, ഉത്തരവാദിത്വത്തോടെയുള്ള പ്രവർത്തനങ്ങൾ, പ്രായത്തിൽ കവിഞ്ഞ പക്വത, സൗമ്യമായ പെരുമാറ്റം, പാവങ്ങളോടുള്ള കരുണയും അനുകമ്പയും തുടങ്ങിയ നല്ല ഗുണങ്ങൾ കാർലോയുടെ സ്വഭാവ സവിശേഷതകളായിരുന്നു. കൂട്ടുകാർ തമ്മിലുള്ള വഴക്ക് തീർക്കാനും മാരകമായ ലഹരികളിൽ വീണുപോയ കുട്ടികളെ രക്ഷിക്കാനും വിവാഹ മോചനം വഴി മാതാപിതാക്കന്മാർ വേർപിരിഞ്ഞ അവസ്ഥയിൽ വേദനിക്കുന്ന മക്കളെ ആശ്വസിപ്പിക്കാനും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കാനും കാർലോ വലിയ പരിശ്രമങ്ങൾ നടത്തിയിരുന്നു. ഇതുപോലുള്ള നല്ല കാര്യങ്ങൾക്കും കാരുണ്യപ്രവർത്തനങ്ങൾക്കുമായി അവൻ ഏറെ നീക്കിവച്ചിരുന്നു.



പ്രാർത്ഥനാ ചൈതന്യത്തിലും വിശ്വാസ തീക്ഷണതയിലും ഏറെ ആഴപ്പെട്ടിരുന്ന കാർലോയ്ക്ക് ആദ്യകുർബാന സ്വീകരണത്തിനുള്ള പ്രായമാകുന്നതിനു മുമ്പേ സഭാധികാരികളുടെ പ്രത്യേക അനുമതിയോടെ 1998 ജൂൺ 16ന് റൊമീത്തോ ദി വെരേഗോ ആശ്രമ ദൈവാലയത്തിൽ വച്ച് പ്രഥമ ദിവ്യകാരുണ്യംസ്വീകരിക്കുവാൻ സാധിച്ചു. താൻ ഏറെ സ്നേഹിച്ചിരുന്ന ഈശോയെ ഹൃദയത്തിൽ സ്വീകരിക്കുവാനായി കുറേക്കാലം കാത്തിരിക്കേണ്ടിവന്ന കാർലോ തന്റെ പ്രഥമദിവ്യകാരുണ്യ സ്വീകരണദിനം ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദിവസമായിരുന്നുവെന്ന് മിക്കപ്പോഴും പറയുമായിരുന്നു. അനുദിന ദിവ്യബലിയർപ്പണത്തിൽ ഏറെ ഭക്തിപൂർവ്വം പങ്കെടുത്തിരുന്ന അവൻ പറഞ്ഞത് ഇപ്രകാരമാണ്, "സ്വർഗ്ഗം എപ്പോഴും നമ്മെ പ്രതീക്ഷിക്കുന്നു. പരിശുദ്ധ കുർബാന എനിക്ക് സ്വർഗ്ഗത്തിലേക്കുള്ള വഴിയാണ്." അവൻ ഡയറിയിൽ ഇപ്രകാരം എഴുതി, "കൂടുതലായി ഈശോയെ സ്വീകരിക്കുമ്പോൾ നാം ഈശോയെപ്പോലെയാകും. ഇതാണ് സ്വർഗ്ഗീയ ജീവിതത്തിന്റെ മുന്നാസ്വാദനം." മിലാനിലെ ഈശോസഭക്കാരുടെ ലെയോ തെർട്ടിന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ പഠനം പൂർത്തിയാക്കിയ അവന് അവിടെവച്ചാണ് കമ്പ്യൂട്ടർ സയൻസിൽ ആഴമായ പരിജ്ഞാനം ലഭിച്ചത്. ആഴ്ചതോറും ഒരുക്കത്തോടെ കുമ്പസാരിച്ചിരുന്ന അവൻ ചെറിയ തെറ്റുകുറ്റങ്ങളും വീഴ്ചകൾപോലും ഏറ്റുപറഞ്ഞ് പാപമോചനം നേടി ദൈവവരപ്രസാദത്തിൽ നിറഞ്ഞു നിന്നിരുന്നു. വി. ഫ്രാൻസിസ് അസ്സീസി, പാദുവായിലെ വിശുദ്ധ അന്തോണീസ്, വിശുദ്ധ താർസിയാസ്, ലൂർദ്ദിലെ വിശുദ്ധ ബെർണദീത്ത, ഫാത്തിമായിൽ പുണ്യദർശനം ലഭിച്ച പുണ്യചരിതരായ ലൂസിയ - ഫ്രാൻസിസ്കോ - ജെസീന്ത, വിശുദ്ധ ഡൊമിനിക് സാവിയോ, വിശുദ്ധ അലോഷ്യസ് ഗോൺസാഗോ തുടങ്ങിയ വിശുദ്ധരുടെ പുണ്യമാതൃകകൾ അവനെ ഏറെ സ്വാധീനിച്ചിരുന്നു.

നവമാധ്യമ പ്രവർത്തന രംഗത്ത് ആഴമായ പരിജ്ഞാനമുണ്ടായിരുന്ന കാർലോ അതുവഴി ദൈവവചനം പ്രചരിപ്പിക്കുവാനും സുവിശേഷവത്കരണത്തിനുമായി ഏറെ പരിശ്രമിച്ചു. 2002 ൽ ഇറ്റലിയിലെ റിമിനിയിൽ വച്ചു നടന്ന തിരുസഭ ഔദ്യോഗികമായി അംഗീകരിച്ച ദിവ്യകാരുണ്യ അത്ഭുതങ്ങളുടെ പ്രദർശനം കാണുവാൻ ഇടയായത് അവന്റെ മനസ്സിനെ ഏറെ സ്വാധീനിച്ചു. തിരുസഭ അംഗീകരിച്ച 141 ദിവ്യകാരുണ്യ അത്ഭുതങ്ങൾ ലോ

കമെങ്ങും പ്രചരിപ്പിക്കണമെന്ന വലിയ ആഗ്രഹത്താൽ അവൻ, ആഗോളതലത്തിൽ നടന്ന സഭ അംഗീകരിച്ച എല്ലാ ദിവ്യകാരുണ്യ അത്ഭുതങ്ങളെയും കുറിച്ച് സമഗ്രമായി പഠിക്കുകയും സ്ഥലങ്ങൾ സന്ദർശിച്ച് അന്വേഷണങ്ങൾ നടത്തിയും മാതാപിതാക്കന്മാരുടെ സഹായത്തോടെ ഒരു വെബ്സൈറ്റ് തയ്യാറാക്കി ലോകമെങ്ങും പ്രചരിപ്പിച്ചു. വലിയ മരിയ ഭക്തനായിരുന്ന കാർലോ മരിക്കുന്നതിന് ഒരുമാസം മുമ്പാണ് മരിയൻ തീർത്ഥാടന കേന്ദ്രങ്ങളെയും മരിയൻ ദർശനങ്ങളെയും മാതാവ് നൽകിയ സന്ദേശങ്ങളെയും കുറിച്ച് ഒരു വെബ്സൈറ്റ് തയ്യാറാക്കിയത്. ആധുനിക മാധ്യമങ്ങളെ ലോകനന്മയ്ക്കും പാപികളുടെ മാനസാന്തരത്തിനുമായി ഫലപ്രദമായി വിനിയോഗിച്ച കാർലോയുടെ പാവന ജീവിതം ഇന്റർനെറ്റും സ്മാർട്ട്ഫോണും മറ്റും തെറ്റായും അശ്ലീലമായും ഉപയോഗിക്കുന്നവർക്ക് വലിയ വെല്ലുവിളിയും വലിയ മാതൃകയുമാണ്.

പുണ്യജീവിതം നയിച്ച കാർലോയ്ക്ക് ലുക്കീമിയ എൻ. 3 എന്ന അതീവ ഗുരുതരമായ രക്താർബുദ രോഗം ബാധിച്ചു. 2006 ഒക്ടോബറിൽ ആരോഗ്യനില അതീവ ഗുരുതരമായി. വലിയ രോഗപീഡകളെയും തീവ്രമായ വേദനയാതനകളെയും വിശ്വാസത്തിൽ ആഴപ്പെട്ടുകൊണ്ട് സഹിച്ച കുഞ്ഞുവിശുദ്ധനായ കാർലോ 2006 ഒക്ടോബർ 9 ന് സെന്റ് ജെറാൾഡ് ആശുപത്രിയിൽ വച്ച് ഫാ. സാൻഡ്രോവില്ലായിൽ നിന്നും രോഗീലേപന കൂദാശ സ്വീകരിച്ച് മരണത്തിന് പ്രാർത്ഥനാപൂർവ്വം ഒരുങ്ങി. ഒക്ടോബർ 12 ന് മസ്തിഷ്കമരണം സംഭവിച്ച് ദിവംഗതനായി ദൈവസന്നിധിയിലേക്ക് യാത്രയായി. 2006 ഒക്ടോബർ 14 ന് സാന്താമരിയ സെഗ്രെറ്റ പള്ളിയിൽ വച്ച് കാർലോയുടെ സംസ്കാര ശുശ്രൂഷകൾ നടന്നു. കാർലോയുടെ വീരോചിതമായ വിശ്വാസ ജീവിതം അംഗീകരിച്ചുകൊണ്ട് 2012 ഒക്ടോബർ 12 ന് നാമകരണ നടപടികൾ ആരംഭിച്ച് 2013 മെയ് 13 ന് ദൈവദാസനായി ഉയർത്തി. തുടർന്ന് 2018 ജൂലൈ 5 ന് കാർലോയെ ഫ്രാൻസിസ് പാപ്പാ ധന്യപദവിയിൽ ഉയർത്തി. തുടർന്ന് കാർലോയുടെ കല്ലറ തുറന്ന് അസ്സീസിയിലെ സെന്റ് മേരി മെജർ പള്ളിയിൽ കൊണ്ടുവന്ന് പുനഃസംസ്കരിച്ചു. കാർലോയുടെ സ്വർഗ്ഗീയ മാദ്ധ്യസ്ഥം വഴി തെക്കൻ ബ്രസീലിലെ മത്തേവൂസ് എന്ന കുട്ടിക്ക് ലഭിച്ച അത്ഭുത സൗഖ്യത്തിന് അംഗീകാരം നൽകിയ ഫ്രാൻസിസ് പാപ്പ വാഴ്ത്തപ്പെട്ട പദവി നൽകുവാനുള്ള അനുമതി 2020 ഫെബ്രുവരി 23 ന് നൽകി. പാപ്പായുടെ പ്രതിനിധിയായ കർദ്ദിനാൾ അഗസ്റ്റീനോ വല്ലിന് 2020 ഒക്ടോബർ 10 ന് അസ്സീസിയിൽ വച്ച് ധന്യനായ കാർലോയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. കാർലോ സ്വർഗ്ഗീയ മഹിമയിലേക്ക് ഉയർത്തപ്പെട്ട ഒക്ടോബർ 12 നാണ് തിരുനാൾ. കാർലോയുടെ സ്വർഗ്ഗീയ മാദ്ധ്യസ്ഥം വഴി കോസ്റ്ററിക്കായിലെ വലേറിയ എന്ന വനിതയ്ക്ക് ലഭിച്ച മസ്തിഷ്കാഘാതത്തിൽ നിന്നുള്ള അത്ഭുത സൗഖ്യം അംഗീകരിച്ച ഫ്രാൻസിസ് പാപ്പാ 2024 മെയ് 23 ന് വിശുദ്ധനായി ഉയർത്താനുള്ള അനുമതി നൽകി. ആധുനിക കാലഘട്ടത്തിലെ വിശുദ്ധനായ കാർലോയുടെ വിശുദ്ധപദ പ്രഖ്യാപനം2025 ജൂബിലി വർഷത്തെ ദൈവകരുണയുടെ തിരുനാൾ ദിനമായ ഏപ്രിൽ 27 ന്, ഫ്രാൻസിസ് പാപ്പായുടെ മുഖ്യകാർമ്മികത്വത്തിൽ വത്തിക്കാനിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്നതാണ്. എന്നാൽ ഫ്രാൻസിസ് പാപ്പാ 2025 ഏപ്രിൽ 21 ന് ദിവംഗതനായതിനെതുടർന്ന് കാർലോയുടെ വിശുദ്ധ പദവിയുടെ പ്രഖ്യാപനം മാറ്റിവയ്ക്കേണ്ടി വന്നു. തുടർന്ന് സാർവ്വത്രിക സഭയുടെ തലവനായി തിരഞ്ഞെടുക്കപ്പെട്ട ലെയോ പതിനാലാമൻ പാപ്പാ 2025 ജൂൺ 13 ന് കാർലോയുടെ വിശുദ്ധ പദവിയുടെ പ്രഖ്യാപനം 2025 സെപ്തംബർ 7 ന് ആയിരിക്കുമെന്ന് പ്രഖ്യാപിച്ചു. അല്മായ പ്രേഷിതനായിരുന്ന വാഴ്ത്തപ്പെട്ട പിയർ ജിയോർജിയോ ഫ്രസാറ്റിയോടൊപ്പം നവയുഗ വിശുദ്ധനായ കാർലോ അക്യൂറ്റിസിനെ ലെയോ പതിനാലാമൻ പാപ്പാ 2025 സെപ്തംബർ 7 ന് വിശുദ്ധനായി ഉയർത്തും.

■



*ദൈവസന്നിധിയിൽ ശരണംപ്രാപിക്കുന്നവർ ദൈവം ഉണ്ടെന്നും തന്നെ അന്വേഷിക്കുന്നവർക്ക് അവിടുന്നുപ്രതിഫലം നൽകുമെന്നും വിശ്വസിക്കണം.*

ഹെബ്രാ 11:6



## വിശ്വാസത്തിന്റെ വഴിത്താര...

# രണ്ടും മൂന്നും നാലും പ്രമാണങ്ങൾ



**ഫാ. സിജോ വേലിക്കകത്തോട്ട്**
വിശ്വാസ പരിശീലന കമ്മീഷൻ ഡയറക്ടർ

**സീ**നായ് മലമുകളിൽ വച്ച് ദൈവം മോശയിലൂടെ ഇസ്രായേൽ ജനത്തിനു നൽകിയ കല്പനകളിൽ രണ്ടാമത്തേതിൽ 'നീ നിന്റെ ദൈവമായ കർത്താവിന്റെ നാമം വൃഥാ പ്രയോഗിക്കരുത്' എന്നതായിരുന്നു (പുറ 20 : 7). ഇതിലൂടെ കർത്താവിന്റെ നാമത്തെ ബഹുമാനിക്കണം എന്ന നിർദ്ദേശമാണ് ദൈവം നൽകിയത്. കർത്താവിന്റെ നാമം പരിശുദ്ധമാണ്. ഇക്കാരണത്താൽ മനുഷ്യൻ അത് ദുരുപയോഗിക്കരുത്. രണ്ടാമത്തെ ഈ കല്പന ദൈവനാമത്തിന്റെ ദുരുപയോഗത്തെയും വ്യാജശപഥങ്ങളെയും നിരോധിക്കുന്നു. ശപഥം ചെയ്യുക എന്നത് ഒരാൾ ഉറപ്പിച്ചു പറയുന്ന കാര്യത്തിന് ദൈവത്തെ സാക്ഷിയാക്കുക എന്നതാണ്. കള്ളസത്യം സർവ്വഭാഷണത്തിന്റെയും കർത്താവിനോടുള്ള ബഹുമാനത്തിനെതിരെയുള്ള ഗൗരവപൂർണ്ണമായ കുറ്റമാണ്. ഒരു തിന്മ പ്രവർത്തിക്ക് ശപഥപൂർവ്വം കടപ്പെടുത്തുന്നത് ദൈവനാമത്തിന്റെ വിശുദ്ധിക്ക് വിരുദ്ധമാണ് (CCC 2152). മലയിലെ പ്രസംഗത്തിലൂടെ ഓരോ ശപഥവും ദൈവത്തോട് ബന്ധപ്പെട്ടിരിക്കുന്നുവെന്നും എല്ലാ വാക്കിലും ദൈവത്തിന്റെ സാന്നിദ്ധ്യവും അവിടുത്തെ സത്യവും ബഹുമാനിക്കപ്പെടണമെന്നും യേശു പഠിപ്പിക്കുന്നു (മത്താ 5 : 33 –35).

പത്തു കല്പനകളിൽ മൂന്നാമത്തെ കല്പന സാബത്തിന്റെ വിശുദ്ധിയെപ്പറ്റി ഓർമ്മിപ്പിക്കുന്നു: "ഏഴാം ദിവസം സാബത്താണ്, കർത്താവിനു വിശുദ്ധമായ വിശ്രമദിനം" (CCC 2168). ദൈവത്തിന്റെ പ്രവർത്തിയാണ് മാനുഷിക പ്രവർത്തിയുടെ മാതൃക. ദൈവം ഏഴാം ദിവസം "വിശ്രമിക്കുകയും നവോന്മേഷം നേടുകയും" ചെയ്തുവെങ്കിൽ മനുഷ്യനും അപ്രകാരം ചെയ്യണം. അനുദിന ജോലിക്ക് സാബത്ത് വിരാമം കുറിക്കുകയും, താല്ക്കാലിക വിശ്രമവേള നൽകുകയും ചെയ്യുന്നു. അത് ജോലിയുടെ അടിമത്തത്തോടും പണത്തിന്റെ ആരാധനയോടുമുള്ള പ്രതിഷേധത്തിന്റെ ദിനമാണ് (CCC 2172). ക്രിസ്തുവിന്റെ ഉത്ഥാനത്തെ സഭ 'എട്ടാം ദിവസം' ആയ ഞായറാഴ്ച ദിവസം ആഘോഷിക്കുന്നു. ആ ദിവസത്തെ കർത്താവിന്റെ ദിനമെന്ന് ഉചിതമായി വിളിക്കുന്നു. ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും മുഴുവൻ കുർബാനയിൽ പങ്കുകൊള്ളാൻ വിശ്വാസികൾ കടപ്പെട്ടിരിക്കുന്നു.

നാലാം കല്പന സ്നേഹത്തിലേക്ക് വെളിച്ചം വീശുന്നതാണ്. നമുക്കു ജന്മം നൽകിയവരും, ദൈവത്തെക്കുറിച്ചുള്ള അറിവ് കൈമാറിയവരുമായ നമ്മുടെ മാതാപിതാക്കളെ നാം ബഹുമാനിക്കണമെന്ന് ദൈവം തിരുമനസ്സായി. അവരെ ആദരിക്കാനും ബഹുമാനിക്കാനും നാം കടപ്പെട്ടിരിക്കുന്നു. ഈ കല്പന മക്കൾക്ക് മാതാപിതാക്കളോടുള്ള ബന്ധങ്ങളെ വ്യക്തമായി പ്രതിപാദിക്കുന്നു. അവരോട് ആദരവും, സ്നേഹവും, നന്ദിയുമുണ്ടായിരിക്കണമെന്ന് അത് ആവശ്യപ്പെടുന്നു. നാലാം കല്പന അനുസരിക്കുന്നവർക്ക് ദൈവം ഒരു സമ്മാനം കരുതിവച്ചിരിക്കുന്നു. പുറ 20 : 12 ൽ നാം വായിക്കുന്നു, “നിന്റെ ദൈവമായ കർത്താവു തരുന്ന രാജ്യത്ത് നീ ദീർഘകാലം ജീവിക്കേണ്ടതിന് നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക.” ഈ കല്പനയുടെ അനുസരണം ആദ്ധ്യാത്മിക ഫലങ്ങളോടൊപ്പം ഭൗതിക ഫലങ്ങളായ സമാധാനവും ഐശ്വര്യവും പ്രദാനം ചെയ്യുന്നു. എന്നാൽ ഇതിന്റെ ലംഘനം സമൂഹങ്ങൾക്കും വ്യക്തികൾക്കും വലിയ നാശം വരുത്തുന്നു (CCC 2200). തങ്ങൾക്കു വേണ്ടി വലിയ ത്യാഗങ്ങൾ ഏറ്റെടുക്കുന്ന മാതാപിതാക്കളോട് ബഹുമാനവും നന്ദിയും പ്രകാശിപ്പിക്കുവാനും, അവരെ നീതിപൂർവ്വം അനുസരിക്കുവാനും മക്കൾ കടപ്പെട്ടിരിക്കുന്നു. അതോടൊപ്പം വിശ്വാസത്തിലും പ്രാർത്ഥനയിലും സകല സുകൃതങ്ങളിലും തങ്ങളുടെ മക്കളെ വളർത്തുവാനുള്ള പ്രഥമ ഉത്തരവാദിത്വം മാതാപിതാക്കൾക്ക് ഉണ്ട് എന്ന് അനുസ്മരിക്കുക. മാതാപിതാക്കൾ തങ്ങളുടെ കുട്ടികളുടെ ദൈവവിളി ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. ഓരോ ക്രിസ്ത്യാനിയുടെയും പ്രഥമ ദൗത്യം യേശുവിനെ അനുഗമിക്കുക എന്നതാണെന്ന് അവരെ ഓർമ്മിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യണം. അതിലൂടെ ദൈവം സ്വപ്നം കാണുന്ന ഒരു കുടുംബത്തെയും സമൂഹത്തെയും സഭയേയും രൂപപ്പെടുത്തുവാൻ നമുക്കു സാധിക്കും. ■



# പുണ്യജന്മം



ജിൻസ മൈക്കിൾ, പള്ളിപ്പുറം

നിത്യകന്യകയാമമ്മേ, മാതാവേ,
നിൻ ജന്മമെത്രയോ പുണ്യം!
മാനവ മക്കൾക്കായ് ദൈവം
നൽകിയ നിത്യസമ്മാനമല്ലോ നീ
നിത്യസമ്മാനമല്ലോ നീ
ആയിരം കോടി പുണ്യങ്ങൾ
പൂത്തുനിറഞ്ഞൊരാ ജന്മം
എത്ര ധന്യമീ ഭൂവിൽ!
സുകൃതവനിയിൽ വിടർന്നു നിൽക്കും
പനിനീർ സുമമേ, ചൊരിയൂ നിൻ കൃപകൾ
ബാല്യം മുതൽക്കേ ദൈവസന്നിധേ,
അർപ്പിച്ചു നിൻ ജീവിതം
ലോകരക്ഷയ്ക്കായൊരു പുത്രനു ജന്മമേകി
ദൈവിക പദ്ധതി പൂർത്തിയാക്കി
ഈ ഉലകത്തിനെന്നും അമ്മയായ് പ്രശോഭിപ്പൂ നീ
ആകാശവീഥിയിലുദിച്ചുയരും അമ്പിളി-
പോലെൻ ഹൃത്തിലെന്നുമുദിച്ചു നിൽക്കുമമ്മേ,
കൂപ്പുകരങ്ങളോടേകുന്നു നിനക്കാ-
യൊരായിരം ജന്മദിനാശംസകൾ!



ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ
ലൂക്കാ 9:23

കത്തോലിക്കാ സഭയെ
അറിയാം... പഠിക്കാം...

# അപ്പസ്തോലിക് നൂൺഷ്യോ







**അനി ജോസഫ്, കൂട്ടുകാട്**

**പ**രിശുദ്ധ സിംഹാസനത്തിന്റെ (വത്തിക്കാന്റെ) നയതന്ത്ര സ്ഥാനപതികൾക്ക് പറയുന്ന പേരാണ് നുൺഷ്യോ. 'നയതന്ത്രപ്രതിനിധി' എന്നർത്ഥമുള്ള Nuntius എന്ന ലത്തീൻ പദത്തിൽനിന്നാണ് Nuncio എന്ന പേരുണ്ടായത്. 1961 ലെ വിയന്ന കൺവെൻഷൻ തീരുമാനങ്ങളനുസരിച്ച് മറ്റു രാജ്യങ്ങളിലെ അംബാസഡർ അഥവാ ഹൈക്കമ്മീഷണർ സ്ഥാനത്തിനു തുല്യമായ സ്ഥാനമാണ് നൂൺഷ്യോ. മുൻകാലങ്ങളിൽ നൂൺഷ്യോ മൂന്നു പേരുകളിലാണ് അറിയപ്പെട്ടിരുന്നത്. അപ്പസ്തോലിക് നൂൺഷ്യോ, അപ്പസ്തോലിക് പ്രോ-നൂൺഷ്യോ, അപ്പസ്തോലിക് ഡെലഗേറ്റ്.

ചില രാജ്യങ്ങളിൽ വത്തിക്കാനുമായുള്ള കരാർ അനുസരിച്ച് വത്തിക്കാൻ പ്രതിനിധി അതേരാജ്യങ്ങളിലെ അംബാസിഡർമാരാകും. ഇത്തരത്തിലുള്ള വത്തിക്കാന്റെ പ്രതിനിധിയാണ് അപ്പസ്തോലിക് നൂൺഷ്യോ. വത്തിക്കാനുമായി ഇപ്രകാരമുള്ള കരാറില്ലാത്ത രാജ്യങ്ങളിലെ പ്രതിനിധിയെ പ്രോ-നൂൺഷ്യോ എന്നാണ് വിളിക്കുന്നത്. പരിശുദ്ധ സിംഹാസനവുമായി നയതന്ത്ര ബന്ധങ്ങളില്ലാത്ത രാജ്യങ്ങളിലുള്ള പേപ്പൽ പ്രതിനിധികളെ അപ്പസ്തോലിക് ഡലഗേറ്റ് എന്ന് വിളിക്കുന്നു. ഇപ്രകാരമുള്ള വത്തിക്കാന്റെ പ്രതിനിധികൾക്ക് ആവശ്യമായ നയതന്ത്ര പരിശീലനം നൽകുന്നത് റോമിലുള്ള പൊന്തിഫിക്കൽ എക്ളേസിയൽ അക്കാദമിയിലൂടെയാണ്.

**നൂൺഷ്യോയുടെ പ്രധാന ചുമതലകൾ താഴെ പറയുന്നവയാണ്:**

- വിശ്വാസപരമായ കാര്യങ്ങളിൽ പ്രാദേശിക സഭയെ സഹായിക്കുക.
- വത്തിക്കാനും അതത് രാജ്യങ്ങളിലെ ഗവൺമെന്റും തമ്മിലുള്ള ബന്ധം നിലനിർത്തുക.
- മെത്രാന്മാരെ നിയമിക്കുന്നതിൽ വത്തിക്കാനെ സഹായിക്കുക

റോമൻ കത്തോലിക്കാ സഭാനേതൃത്വത്തിൽ ആർച്ച് ബിഷപ്പിന് തുല്യമായ സ്ഥാനമാണ് നൂൺഷ്യോക്കുള്ളത്. നുൺഷ്യോയുടെ നയതന്ത്ര കാര്യാലയം അപ്പസ്തോലിക് നുൺഷ്യേച്ചർ അഥവാ നുൺഷ്യേച്ചർ എന്നറിയപ്പെടുന്നു. ഇന്ത്യയിലെ അപ്പസ്തോലിക നയതന്ത്ര കാര്യാലയം ന്യൂഡൽഹിയിലെ ചാണക്യപുരിയിൽ സ്ഥിതിചെയ്യുന്നു.

*അതിനാൽ, നാളെയെക്കുറിച്ചു നിങ്ങൾ ആകുലരാകരുത്. നാളത്തെ ദിനംതന്നെ അതിനെക്കുറിച്ച് ആകുലപ്പെട്ടുകൊള്ളും. ഓരോ ദിവസത്തിനും അതതിന്റെ ക്ലേശം മതി.*

മത്തായി 6:34



# അയൽക്കൂട്ടം

1 തെസ്സ. 5, 8–11

# ബോധി

**ഫാ. ആന്റണി ഫ്രാൻസിസ് ഉരുളോത്ത്**

"നമ്മിലുള്ളതെല്ലാം പരിശോധിക്കേണ്ടതുണ്ട്... നമ്മുടെ ആഗ്രഹങ്ങൾ, ആശങ്കകൾ, ഭയങ്ങൾ, ചോദ്യം ചെയ്യലുകളൊക്കെ... (Pope Francis, Gaudete et Esultste, n. 168-169). താനാരെന്ന് തനിക്കറിയാൻ പാടില്ലാത്തതാണ് ഇന്നിന്റെ ഏറ്റവും വലിയ പ്രശ്നം. "ഞാൻ എന്നെ സ്വയം അറിയുന്നുണ്ടോ? എന്റെ ഭ്രമങ്ങൾക്കും വികാരങ്ങൾക്കും അതീതമായി എനിക്ക് സന്തോഷം നൽകുന്നതും ദുഃഖം നൽകുന്നതും എന്താണ്? ഞാൻ സത്യത്തിൽ ആരാണ്? (Pope Francis, Christus Vivit, Chapter 9, n. 285). സുബോധമുള്ളവരായിരിക്കുക എന്ന പൗലോസ് അപ്പസ്തോലന്റെ ആഹ്വാനം മാസ്സിഡോണിയയിലെ തെസ്സലോണിയക്കാരോടാണ് പറഞ്ഞതെങ്കിലും നമ്മുടെ കർണ്ണസ്സാരത്ത് മുഴങ്ങേണ്ട ഒന്നാണത്.

**1. ഹസിൽ കൾച്ചർ** (Hustle Culture)

പല വീടുകളിലും ഹസിൽ കൾച്ചർ ഒരു 'അസ്സൽ' കൾച്ചറായി മാറിയിട്ടുണ്ട്. വിശ്രമമില്ലാത്ത ജോലിയും ഉൽപ്പാദനക്ഷമതയിലെ വർദ്ധനവും വിജയം മാത്രം മുന്നിൽക്കണ്ട് ഏതു മാർഗ്ഗവും സ്വീകരിച്ചുള്ള വെട്ടിപ്പിടിക്കലും ചവിട്ടിത്താഴ്ത്തലുമൊക്കെ മഹത്വവത്കരിക്കുന്ന ഒരു ജീവിത രീതി. ഒരാൾ വിശ്രമത്തിനോ, സ്വയം പരിപാലിക്കാനോ, വ്യക്തിപരമായ ജീവിതത്തിനോ, പ്രാർത്ഥനയ്ക്കോ, പള്ളിയിൽ പോകാനോ സമയം നൽകാതെ തുടർച്ചയായി ജോലി ചെയ്തുകൊണ്ടേയിരിക്കുന്നു. അമിതമായ ജോലിസമയവും, വിശ്രമമെന്നത് സമയം പാഴാക്കലാണെന്ന ചിന്തയും, വിജയത്തോടുള്ള ഉയർന്ന ആസക്തിയും സോഷ്യൽ മീഡിയയിൽ തങ്ങളുടെ ഒരു ദിവസത്തെ തിരക്കിട്ട ജീവിതം പ്രദർശിപ്പിക്കുന്നതുമൊക്കെ മറ്റുള്ളവരിലും സമ്മർദ്ദം സൃഷ്ടിച്ച് ഹസിൽ കൾച്ചറിലേക്ക് വഴിതെളിക്കുന്നുണ്ട്. ഇവ ജീവിത സന്തുലിതാവസ്ഥ നഷ്ടപ്പെടാൻ കാരണമാകുന്നു. നേട്ടങ്ങൾക്കു പിറകേയോടി, നെട്ടോട്ടങ്ങളിൽപ്പെട്ട്, കോട്ടങ്ങൾ തട്ടി, കോട്ട പൊളിയുമ്പോഴാണ് ഒരുവൻ സുബോധത്തിലേക്കെത്തുന്നത്. "അവനവനിസ"ത്തിൽ നിന്ന് പുറത്തുകടക്കാതെ പലരും ശ്വാസംമുട്ടുന്നു. അച്ഛൻ കൊമ്പത്ത്, അമ്മ വരമ്പത്ത്, മക്കൾ പെരപ്പുറത്ത്. ഓരോരുത്തരും അവനവനിൽ നിന്ന് പുറത്തുകടക്കാൻ പറ്റാതെ അവരവരുടെ മായാലോകത്ത് ഒറ്റയ്ക്ക് വിഹരിക്കുന്നു.

**2. പകലിന്റെ മക്കൾക്ക് ഇരുട്ടിന്റെ കവചം**

"പകലിന്റെ മക്കളായ നമുക്ക് വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും കവചവും, പ്രത്യാശയുടെ പടത്തൊപ്പിയും ധരിച്ച് സുബോധമുള്ളവരായിരിക്കാം" (1 തെസ്സ 5:8). കുറച്ചു മാസങ്ങൾക്കു മുൻപ് എക്സൈസ് ഡിപ്പാർട്ട്മെന്റ് 62691 ആളുകളിൽ നടത്തിയ കണക്കെ



സ്വന്തം കുരിശു വഹിക്കാതെ എന്റെ പിന്നാലെ വരുന്നവന് എന്റെ ശിഷ്യനായിരിക്കുവാൻ കഴിയുകയില്ല.

ലൂക്കാ 14:27

ടുപ്പിൽ 9% ആളുകൾ 10 വയസ്സ് തികയുന്നതിനു മുൻപും 70% ആളുകൾ 15 വയസ്സ് തികയുന്നതിനു മുൻപും 20% ആളുകൾ 19 വയസ്സ് തികയുന്നതിനു മുൻപും ഡ്രഗ്സ് ഉപയോഗിച്ചിട്ടുണ്ട്. 35% ആളുകൾ പറയുന്നത് ഡ്രഗ്സ് ഉപയോഗിക്കുന്നത് മാനസിക പിരിമുറുക്കം അകറ്റാനാണത്രേ. 79% ആളുകൾക്കും ഡ്രഗ്സ് ലഭിച്ചത് സുഹൃത്തുക്കളിൽ നിന്നുതന്നെ!

മാതാപിതാക്കളുടെ ലഹരി ഉപയോഗവും, വീട്ടിലെ കലഹങ്ങളും, മാതാപിതാക്കളുടെ ശ്രദ്ധക്കുറവും, അമിത കർശനമായ നിയന്ത്രണങ്ങളും, അല്ലെങ്കിൽ വളരെ അയഞ്ഞ രൂപീകരണവും, കൂട്ടുകാരുടെ സമ്മർദ്ദവും, സാമൂഹിക സ്വാധീനവും, ലഹരിവസ്തുക്കളുടെ ലഭ്യതയും, സാഹസികതയും, കൗതുകവും, സാമൂഹിക മാധ്യമങ്ങളുടെ അതിപ്രസരവുമൊക്കെ ഈ പ്രവണത കൂടുതൽ വ്യാപകമാകാൻ കാരണമാകുന്നു.

**3. അബോധത്തിൽ നിന്ന് ബോധത്തിലേക്ക്**

ഒരു വ്യക്തി തന്റെ ദൈനംദിന കാര്യങ്ങൾ യാന്ത്രികമായി ചെയ്യുന്ന അവസ്ഥയെ മനഃശാസ്ത്രം വിളിക്കുന്നത് Auto - pilot mode എന്നാണ്. ഒരു pilot ന്റെ നിയന്ത്രണമില്ലാതെ തന്നെ ഒരു നിശ്ചിത പാതയിലൂടെ വിമാനം സഞ്ചരിക്കുന്നതുപോലെ വളരെ യാന്ത്രികമായി ജീവിതം മുന്നോട്ടുപോവുന്നു. യാന്ത്രികത വെടിഞ്ഞ് നമുക്ക് നമ്മെത്തന്നെ ഒന്നറിഞ്ഞ് ജീവിക്കേണ്ടേ? (മാർത്തയും മറിയവും നല്ല ഉദാഹരണങ്ങളാണ്. മാർത്ത പല കാര്യങ്ങളിലും വ്യഗ്രതയിലാണ്. എന്നാൽ മറിയ മാവട്ടെ മൈൻഡ്ഫുൾനെസ്സിലും) നിലവിലെ നിമിഷത്തിൽ പൂർണ്ണമായും ശ്രദ്ധയോടും ബോധത്തോടും ഇരിക്കുന്ന ഒരു മാനസികാവസ്ഥയെ വിളിക്കുന്ന പേരാണ് മൈൻഡ്ഫുൾനെസ്സ്. കഴിഞ്ഞുപോയതോ വരാനിരിക്കുന്നതോ ആയ കാര്യങ്ങളിലല്ല മറിച്ച് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളിൽ ബോധപൂർവ്വം ശ്രദ്ധിക്കുന്നതിനെയാണ് മൈൻഡ്ഫുൾനെസ്സ് എന്നു പറയുക. ഓരോ നിമിഷവും അറിഞ്ഞ് ജീവിച്ചാലോ? കുറച്ചുകൂടി ജീവിതത്തെ മെച്ചപ്പെടുത്താനാകുമെന്ന് ഉറപ്പാണ്. “ഉറക്കത്തിലും ഉണർവ്വിലും അവനോടൊന്നിച്ചു ജീവിക്കേണ്ടതിനാണ് അവൻ നമുക്കുവേണ്ടി മരിച്ചത്” (1 തെസ്സ 5 : 10). ഈ ബോധ്യം വലിയൊരു അവബോധമാണ്.

അലസതയും മന്ദതയും ഉത്സാഹക്കുറവുമൊക്കെ നമ്മുടെ ക്രൈസ്തവ ആത്മീയതയെ ബാധിച്ചിരിക്കുന്നു. അകത്തളങ്ങൾ ഇരുട്ടറകളായി മാറുന്നു. പള്ളിയും വേണ്ട, പ്രാർത്ഥനയും വേണ്ട, പട്ടക്കാരനും വേണ്ട, ഞാൻ മാത്രം മതി, ഞാൻ മാത്രം മതി എനിക്ക്! കർത്താവിൽ വേരൂന്നി തമ്മിൽത്തമ്മിൽ പരസ്പരോന്മനത്തിനു വേണ്ടി യത്നിക്കാം (1 തെസ്സ 5:11). “ഉണർന്നു പ്രശോഭിക്കുക; നിന്റെ പ്രകാശം വന്നുചേർന്നിരിക്കുന്നു. കർത്താവിന്റെ പ്രകാശം നിന്റെമേൽ ഉദിച്ചിരിക്കുന്നു” (ഏശ 60:1).

**പ്രവർത്തനത്തിന്**

1. ***Examination of Conscience നടത്താം (മനസ്സാക്ഷി പരിശോധന)***
2. ***ഓരോ രാത്രിയും ഉറങ്ങാൻ പോകുന്നതിനു മുൻപ് കുറച്ചു നിമിഷങ്ങൾ മാറ്റിവയ്ക്കാം. ആ ദിവസത്തെ ചിന്തകൾ, വാക്കുകൾ, പ്രവൃത്തികൾ എല്ലാം ശാന്തമായി ഓർക്കുക.***
3. ***നിങ്ങൾ ചെയ്ത നല്ല കാര്യങ്ങൾ എണ്ണുക.***

**ചർച്ചയ്ക്ക് :**

1. ***കുട്ടികൾ വിശ്വാസ ജീവിതത്തിൽ നിന്നകലുന്നതിൽ മാതാപിതാക്കളുടെ പങ്ക്?***
2. ***ഇന്ന് വ്യക്തിനിഷ്ഠ ജീവിതം (Individualistic mentality) സമൂഹബോധത്തെ (Community spirit) മറികടക്കുന്ന സാഹചര്യത്തിൽ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളും (BCC) കുടുംബങ്ങളും ഒരുമിച്ചു ചേർന്ന് എങ്ങനെ പരോപകാര ബോധത്തിലേക്ക് നയിക്കാം?***

# രൂപത വാർത്തകൾ

## കോട്ടപ്പുറം രൂപത ഫെസിലിറ്റേഷൻ സെൻററർ ഉദ്ഘാടനം ചെയ്തു.



കോട്ടപ്പുറം രൂപതയുടെ സാമൂഹ്യസേവന വിഭാഗമായ കിഡ്സിൽ രൂപത ഫെസിലിറ്റേഷൻ സെന്റർ ഉദ്ഘാടനം ചെയ്തു. ജനങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി സർക്കാർ സർക്കാരിതര തൊഴിൽ - വിദ്യാഭ്യാസ സാധ്യതകളും അറിവുകളും, സർക്കാരിന്റെ വിവിധ പദ്ധതികളും ജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ കോട്ടപ്പുറം കിഡ്സ് ക്യാമ്പസിൽ ആരംഭിച്ച ഫെസിലിറ്റേഷൻ സെന്ററിന്റെ ഉദ്ഘാടനം കോട്ടപ്പുറം ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ നിർവ്വഹിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളെക്കുറിച്ചുള്ള അറിവുകൾ തൃശ്ശൂർ എറണാകുളം ജില്ലകളിലെ നാനാജാതി മതസ്ഥരിലേക്ക് എത്തിക്കാനും അവ പ്രയോജനപ്പെടുത്താനും ഫെസിലിറ്റേഷൻ സെന്റർ സഹായകമാകും.

## സിസ്റ്റർ വിൽമ മോളി പിൻഹീറോ മദർ ജനറൽ

റോമിലെ ഔവർ ലേഡി ഓഫ് കാർമൽ കോൺഗ്രിഗേഷൻ മദർ ജനറലായി മലയാളിയായ സിസ്റ്റർ വിൽമ മോളി പിൻഹീറോ നിയമിതയായി. കോട്ടപ്പുറം രൂപതയിലെ പള്ളിപ്പുറം വേളാങ്കണ്ണി മാത ഇടവക അംഗവും കോൺഗ്രിഗേഷന്റെ ഇന്ത്യയിൽ നിന്നുള്ള ആദ്യ മദർ ജനറലുമാണ്. റോക്കി പിൻഹീറോയുടെയും കാതറിന്റെയും മകളാണ്.



## ഫെറോന കൺവീനേഴ്സ് സംയുക്ത സമ്മേളനം

2025 ഓഗസ്റ്റ് 17-ന് ബിസിസി- കുടുംബപ്രേഷിത ശുശ്രൂഷ സമിതി എക്സിക്യൂട്ടീവ്, ബിസിസി- കുടുംബപ്രേഷിത ശുശ്രൂഷ സമിതി ഫെറോന കൺവീനേഴ്സ് സംയുക്ത സമ്മേളനം സമുചിതമായി നടന്നു. സംഘടനയുടെ പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്താനും കുടുംബപരമായ കൂട്ടായ്മകൾ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ടാണ് ഈ യോഗം ചേർന്നത്.





സ്വർഗത്തിൽ വലിയ ഒരടയാളം കാണപ്പെട്ടു: സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ. അവളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രൻ. ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങൾകൊണ്ടുള്ള കിരീടം.

വെളി 12:1

## സമ്പാളൂർ തീർത്ഥാടന ദൈവാലയത്തിൽ INSPIRE 2025



കൊടുങ്ങല്ലൂർ - കോട്ടപ്പുറം രൂപത, ചരിത്രപ്രസിദ്ധമായ സമ്പാളൂർ, വി. ഫ്രാൻസിസ് സേവ്യറിന്റെ തീർത്ഥാടന ദൈവാലയത്തിൽ, INSPIRE 2025 യുവജനദിനമായി ഇന്നലെ ജൂലൈ 20-ആം തിയ്യതി ഞായറാഴ്ച ആഘോഷപൂർവ്വം നടന്നു. രാവിലെ 8:30 ന്റെ ദിവ്യബലിയോട് കൂടി ആഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ചു. യുവജനങ്ങളുടെ നേതൃത്വത്തിലുള്ള ഫ്ളാഷ് മോബ്, പതാക ഉയർത്തൽ ശേഷം ഔദ്യോഗിക യോഗം നടത്തപ്പെട്ടു. ബഹു. സമ്പാളൂർ ഇടവക വികാരി റവ.ഡോ. ജോൺസൺ പങ്കേത്തിന്റെ അധ്യക്ഷതയിൽ, ബഹു.മോൺ. ജോളി വടക്കൻ ഉദ്ഘാടന കർമ്മം നിർവഹിച്ചു. തുടർന്ന് പ്രശസ്ത സംഗീതസംവിധായകൻ ശ്രീ അൽഫോൺസ് ജോസഫിന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്ക് വേണ്ടിയുള്ള പ്രോഗ്രാമും, മാള സർക്കിൾ ഇൻസ്പെക്ടർ ബഹു. ശ്രീ. ജയപ്രദീപ് കെ.ജിയുടെ നേതൃത്വത്തിൽ ലഹരിയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സും നടത്തപ്പെട്ടു.

## കന്യാസ്ത്രീകളുടെ അറസ്റ്റ് : പ്രതിഷേധ ജാഥയും പ്രതിഷേധ ജ്വാലയും സംഘടിപ്പിച്ചു

ചത്തീസ്ഗഡിൽ കന്യാസ്ത്രീകൾ അറസ്റ്റ് ചെയ്യപ്പെട്ടതിൽ പ്രതിഷേധിച്ച് കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രലിന്റെ നേതൃത്വത്തിൽ പ്രതിഷേധ ജാഥയും പ്രതിഷേധ ജ്വാലയും സംഘടിപ്പിച്ചു. സെന്റ് മൈക്കിൾസ് കത്തീഡ്രലിന്റെ മുഖ്യ കവാടത്തിൽ നിന്ന് മുസിരിസ് സെന്റ് തോമസ് കപ്പേളയിലേക്ക് തിരികൾ തെളിച്ച് നടത്തിയ പ്രതിഷേധ റാലിയും ജ്വാലയും കോട്ടപ്പുറം രൂപത വിശ്വാസ പരിശീലന ഡയറക്ടർ ഫാ. സിജോ വേലിക്കകത്തോട്ട് ഉദ്ഘാടനം ചെയ്തു.



## പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്ക്കൂളിന് മികച്ച കാർഷിക വിദ്യാലയ പുരസ്ക്കാരം

പള്ളിപ്പുറം പഞ്ചായത്തിലെ മികച്ച കാർഷിക വിദ്യാലയത്തിനുള്ള കൃഷി ഭവന്റെ പുരസ്കാരം പള്ളിപ്പുറം സെന്റ്. മേരീസ് ഹൈസ്ക്കൂളിന് ലഭിച്ചു. കർഷക ദിനാഘോഷങ്ങളോടനു ബന്ധിച്ച് നടത്തിയ പൊതുസമ്മേളനത്തിൽ വെച്ച് കെ.എൻ. ഉണ്ണികൃഷ്ണൻ എം.എൽ.എ. വിദ്യാലയത്തിന്റെ പ്രധാന അധ്യാപകൻ സേവ്യർ പുതുശ്ശേരിക്കും കാർഷിക ക്ലബ്ബ് അംഗങ്ങൾക്കുമായി പുരസ്കാരം സമ്മാനിച്ചു.



## ശതാബ്ദി വിളംബര ദീപശിഖ പ്രയാണം



'ശതാബ്ദി വിളംബര ദീപശിഖ' തുരുത്തിപ്പുറം സെന്റ് ഫ്രാൻസീസ് അസീസ്സി ദേവാലയത്തിൽ വെച്ച് റവ. ഫാ. ജോസഫ് ഒളാട്ടുപുറത്തിൽ നിന്നും സ്വീകരിക്കുന്നു.

## പ്രതിഷേധ ജ്വാല സംഘടിപ്പിച്ചു



ഛത്തീസ്ഗഡിൽ അകാരണമായി തടവിലാക്കപ്പെട്ട മലയാളികളായ കന്യാസ്ത്രീ അമ്മമാർക്ക് ഐക്യദാർഢ്യം നേർന്ന് തുരുത്തിപ്പുറം ജപമാലരാജ്ഞി ദൈവാലയ അങ്കണത്തിൽ പ്രാർത്ഥന ജ്വാല തെളിയിച്ചു.

## വിശുദ്ധ ഇഗ്നേഷ്യസ് ലയോള അനുസ്മരണവും സാന്താ ക്യുവമത്സരം ഫൈനലും സംഘടിപ്പിച്ചു.



കോട്ടപ്പുറം രൂപത സി.എൽ.സിയുടെയും വിശ്വാസ പരിശീലന കമ്മീഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സാന്താ ക്യുവ ഇഗ്നേഷൻ ക്വിസ് മത്സരവും ഇഗ്നേഷ്യസ് ലയോള അനുസ്മരണവും പറവൂരിൽ പള്ളിപ്പുറം ഫൊറോനാ വികാരി ഫാ. പ്രിൻസ് പടമാട്ടുമ്മൽ ഉദ്ഘാടനം ചെയ്തു. കോട്ടപ്പുറം രൂപതയിലെ വിവിധ ഇടവകകളിലെ 1080 ഓളം വിശ്വാസ പരിശീലന വിദ്യാർത്ഥികൾ പങ്കെടുത്ത ഓൺലൈൻ ക്വിസ് പ്രാഥമിക മത്സരത്തിൽ നിന്നും 31 വിദ്യാർത്ഥികളാണ് ഫൈനൽ മത്സരത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. സീനിയർ വിഭാഗം ഫൈനൽ മത്സരത്തിൽ കോവിലകത്തും കടവ് സെന്റ് റോക്കി ഇടവകയിലെ റിന്റ സി.ആർ ഒന്നാം സ്ഥാനവും, ചെറായി ജപമാലരാജ്ഞി ഇടവകയിലെ അലോണ സി.എ രണ്ടാം സ്ഥാനവും, കോവിലകത്തും കടവ് സെന്റ് റോക്കി ഇടവകയിലെ ഹെന ഒ.എസ് മൂന്നാം സ്ഥാനവും നേടി. ജൂനിയർ വിഭാഗത്തിൽ സാമ്പാളൂർ സെന്റ് സേവിയർ ഇടവകയിലെ കരോളിൻ ഫ്ളോറ റൊസാരിയോ ഒന്നാം സ്ഥാനവും, പള്ളിപ്പുറം മഞ്ഞുമാതാ ബസിലിക്കയിലെ റയാൻ ജോമോൻ രണ്ടാം സ്ഥാനവും, മേത്തല സെന്റ് ജൂഡ് ദേവാലയത്തിലെ ലിയോൺ സുബിൻ മൂന്നാം സ്ഥാനവും നേടി.




സാന്താ മരിയ സ്നേഹാലയം സ്കൂളിൽ സെപ്റ്റംബർ 21 ന് നടത്തിയ 'സജീവം' ലഹരി വിരുദ്ധ ക്യാമ്പിൽ 169 കുട്ടികൾ പങ്കെടുത്തു.



മറിയം പറഞ്ഞു: ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ! അപ്പോൾ ദൂതൻ അവളുടെ മുമ്പിൽ നിന്നു മറഞ്ഞു.

ലൂക്കാ 1:38

## നിഷ്കളങ്ക സന്ന്യാസിനികൾക്കെതിരെ കള്ളക്കേസ്; കെസിവൈഎം കോട്ടപ്പുറം രൂപതയുടെ നേതൃത്വത്തിൽ പ്രതിഷേധ സമ്മേളനം




ഛത്തീസ്ഗഡിലെ ദുർഗിൽ അസ്സീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് സന്യാസ സമൂഹത്തിലെ സിസ്റ്റർ വന്ദന ഫ്രാൻസിസ്, സിസ്റ്റർ പ്രീതി മരിയ എന്നിവരെ മനുഷ്യക്കടത്ത് ആരോപിച്ച് പോലീസ് കള്ളക്കേസിൽ അറസ്റ്റുചെയ്ത നടപടിയിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. കെ.സി.വൈ.എം കോട്ടപ്പുറം രൂപതയുടെ നേതൃത്വത്തിൽ കോട്ടപ്പുറം കീത്തോളി ജംഗ്ഷനിൽ വൈകിട്ട് ആറുമണിക്ക് നടന്ന പ്രതിഷേധ സമ്മേളനത്തിൽ നിരവധി യുവജനങ്ങളും വിശ്വാസികളും പങ്കെടുത്തു.

## ഛത്തീസ്ഗഡിൽ അകാരണ തടവിൽ കഴിയുന്ന മലയാളികളായ കന്യാസ്ത്രീകളുടെ മോചനത്തിനായി പ്രാർത്ഥനാ ജ്വാല തെളിയിച്ചു.



ഛത്തീസ്ഗഡിൽ അകാരണ തടവിൽ കഴിയുന്ന മലയാളികളായ കന്യാസ്ത്രീ അമ്മമാർക്ക് ഐക്യദാർഢ്യം നേർന്ന് ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻ ദേവാലയ അങ്കണത്തിൽ പ്രാർത്ഥന ജ്വാല തെളിയിച്ചു. ജയിലിൽ കഴിയുന്ന കന്യാസ്ത്രീകൾക്ക് മോചനം ലഭിക്കാനും പരിഹാസവും അപമാനവും ഈശോയെ പ്രതി സഹിക്കുവാനും തീക്ഷ്ണമായ വിശ്വാസത്തിൽ ഉറച്ചുനിൽക്കുവാനും ആ അമ്മമാർക്ക് പരിശുദ്ധാത്മാവിന്റെ അഭിഷേകവും കൃപയും ഉണ്ടാകുന്നതിനു വേണ്ടിയും ഇടവക ജനം ജപമാല ചൊല്ലിയാണ് പ്രാർത്ഥനാ ജ്വാല തെളിയിച്ചത്.



മാള പള്ളിപ്പുറം സെന്റ് ആന്റണീസ് ദൈവാലയത്തിൽ 2026 ലെ തിരുനാൾ പ്രസുദേന്തിമാർ നിർമ്മിച്ചു നൽകുന്ന കാരുണ്യ ഭവനത്തിന്റെ ശില രൂപതാമെത്രാൻ റൈറ്റ്. റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ ആശീർവദിക്കുന്നു.




കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് സൊസൈറ്റി (കിഡ്സ്) പ്രാർത്ഥന ഫൗണ്ടേഷനുമായി ചേർന്ന് ചവറ സ്പെഷ്യൽ സ്കൂളിൽ നടത്തിയ മൂന്നു ദിവസത്തെ ബേക്കറി ട്രെയിനിങ്ങിന്റെ സമാപന സമ്മേളനത്തിന് കിഡ്സ് ഡയറക്ടർ ഫാദർ നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരി ഉദ്ഘാടനം നിർവഹിക്കുന്നു.

## സൗജന്യ ചെവി പരിശോധന ക്യാമ്പ്



കോട്ടപ്പുറം രൂപതയുടെ സാമൂഹിക സേവന വിഭാഗമായ കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റിയും മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ എറണാകുളവും ഐ.ഡി.എഫ്.സി. ഫസ്റ്റ് ഭാരത് സംയുക്താഭിമുഖ്യത്തിൽ സൗജന്യ ചെവി പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. ടി.കെ.എസ് പുരം മെഡികെയർ ഹോസ്പിറ്റൽ മെഡിക്കൽ സൂപ്രണ്ട് ഡോ. മുഹമ്മദ് സയീദ് ഉദ്ഘാടനം നിർവ്വഹിച്ച യോഗത്തിൽ കിഡ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരി അദ്ധ്യക്ഷനായിരുന്നു.

## ബസ് കാത്തിരിപ്പു കേന്ദ്രം ഉദ്ഘാടനം ചെയ്തു.



പള്ളിപ്പുറം മഞ്ഞുമാത ബസിലിക്ക ബസ് സ്റ്റോപ്പിൽ സെന്റ് മേരീസ് ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കായി ലയൺസ് ക്ലബ്ബ് ഓഫ് പറവൂർ റോയൽ മുസിരിസ് നിർമ്മിച്ച ബസ് കാത്തിരിപ്പു കേന്ദ്രം പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് രമണി അജയൻ ഉദ്ഘാടനം ചെയ്തു. വിദ്യാലയത്തിന്റെ 125-ാം വാർഷികത്തിന്റെ സ്മരണയ്ക്കായിട്ടാണ് ബസ് കാത്തിരിപ്പു കേന്ദ്രം നിർമ്മിച്ചിട്ടുള്ളത്.

## ജപമാലരാജ്ഞി ദൈവാലയത്തിൽ ജൂബിലി കുരിശിന് ഹൃദ്യമായ സ്വീകരണം



ഓഗസ്റ്റ് 24-ാം തീയതി തുരുത്തിപ്പുറം സെന്റ് ഫ്രാൻസീസ് അസീസി ദൈവാലയത്തിൽ നിന്നാണ് ജൂബിലി കുരിശ് ജപമാല രാജ്ഞി ദൈവാലയത്തിലേക്ക് ഏറ്റുവാങ്ങിയത്. ഇടവക സമൂഹം മുഴുവൻ അണിനിരന്ന ഭക്തിസാന്ദ്രമായ പ്രദക്ഷിണം ജൂബിലി കുരിശിന്റെ സ്വീകരണത്തിന് മാറ്റുകൂട്ടി.

## സമ്പാളൂർ ഇടവക പ്രതിഷേധിച്ചു



കൊടുങ്ങല്ലൂർ-കോട്ടപ്പുറം രൂപത, ചരിത്ര പ്രസിദ്ധമായ സമ്പാളൂർ, വി. ഫ്രാൻസിസ് സേവ്യറിന്റെ തീർത്ഥാടന ദൈവാലയത്തിൽ, ജൂലൈ 31-ാം തിയ്യതി വ്യാഴാഴ്ച യുവജന സമിതിയുടെ നേതൃത്വത്തിൽ, ചത്തീസ് ഗഡിലെ ദുർഗിൽ അസ്സീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് സിസ്റ്റർ വന്ദന ഫ്രാൻസിസ്, സിസ്റ്റർ പ്രീതി മരിയ എന്നിവരെ മനുഷ്യക്കടത്ത് ആരോപിച്ച് കള്ളക്കേസിൽ അറസ്റ്റ് ചെയ്തതിൽ, ശക്തമായ പ്രതിഷേധമുയർത്തി ഇടവക സമൂഹം മുഴുവൻ ഒന്നുചേർന്നു.



അന്ധകാരത്തിൽ കഴിഞ്ഞജനം മഹത്തായ ഒരു പ്രകാശം കണ്ടു;
കൂരിരുട്ടിന്റെ ദേശത്തു വസിച്ചിരുന്നവരുടെമേൽ പ്രകാശം ഉദിച്ചു.

ഏശയ്യ 9:2

## സാൻജോ മീറ്റ്

കോട്ടപ്പുറം രൂപതയിലെ ദമ്പതികൾക്ക് വേണ്ടി നടത്തുന്ന സാൻജോ മീറ്റ് (ട്രെയിനിങ് പ്രോഗ്രാം) കുറുമ്പത്തുരുത്ത് സെന്റ് ജോസഫ് ദൈവാലയം, ചെറിയപ്പിള്ളി സെന്റ് ആന്റണീസ് ദൈവാലയം, ചെട്ടിക്കാട് സെന്റ് ആന്റണീസ് ദൈവാലയം, മാളപള്ളിപ്പുറം സെന്റ് ആന്റണീസ് ദൈവാലയം എന്നിവിടങ്ങളിൽ നടത്തി.






## ലോഗോസ് ക്വിസിന്റെ ആഗസ്റ്റ് മാസത്തെ ഉത്തരങ്ങൾ

1. ബഥേലിൽ, 2. അനുകമ്പ, 3. യാബേഷ് ഗിലയാദിൽ, 4. പന്തീരായിരം, 5. ശപിക്കപ്പെട്ടവനായിരിക്കുമെന്ന്, 6. നീ യഹൂദരുടെ രാജാവാണോ?, 7. ഹേറോദേസിന്റെ, 8. തലയോട്, 9. ഒമ്പതാം മണിക്കൂർ വരെ, 10. പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു, 11. നൂനിന്റെ, 12. സൂര്യനെ, 13. യഫുന്ന, 14. വാർദ്ധക്യം വരെ, 15. സാമുവൽ, 16. വെളിപാട്, 17. ശുശ്രൂഷകനായി, 18.ബഹുമുഖജ്ഞാനം, 19. മഹത്വം, 20. വിശ്വാസം വഴി

**ശരിയുത്തരങ്ങൾ അയച്ചവർ**

1. ആൽഫ്രഡ് കെ. ബിജു, കാര
2. ലാനി സ്റ്റീഫൻ, മേത്തല
3. അജി ജോസ്, മേത്തല
4. ജെസ്സി സ്റ്റാൻസി, മേത്തല
5. ഉഷ ജോസഫ്, മേത്തല
6. സിസ്റ്റർ മാഗി, തുരുത്തിപ്പുറം
7. ഷെബിൻ കെ.എസ്, കെടാമംഗലം
8. മിനി പീറ്റർ, കോട്ടപ്പുറം
9. ഐബിൻ ബൈജു, ഗോതുരുത്ത്
10. അലീസിയ ആന്റണി
11. മേരി മാർട്ടിൻ, കോട്ടപ്പുറം
12. മേരി റാഫേൽ, തുരുത്തിപ്പുറം
13. ജെൻസി ഡയസ്, അരിപ്പാലം
14. പ്രിൻസി ക്ലീറ്റസ്, അരിപ്പാലം
15. പ്രസീത ഷിബു, മാളപള്ളിപ്പുറം
16. ഷൈനി വിൽസൺ, കാര
17. ടെൻസി ജോസ്, തുരുത്തൂർ
18. ബീന സി.എ, കൂട്ടുകാട്
20. ജോഷി തോമസ്, കൂട്ടുകാട്
21. ഷീബ സാജൻ, പൊയ്യ
22. ജോഷി മംഗലത്ത്, കാര
23. എൽസി തോമസ്, മാളപള്ളിപ്പുറം
24. ഗിൽഡ പോൾ, മാനാഞ്ചേരിക്കുന്ന്
25. ലിൻസി ജേഴ്സൺ
26. ബെറ്റ്സി ആന്റണി, വി.പി. തുരുത്ത്, കോട്ടപ്പുറം
27. ലീന നിക്സൺ, തുരുത്തിപ്പുറം
28. ജൂലിയറ്റ് എം.ഡി, കോട്ടപ്പുറം



# വചനധ്യാനം

## 2025 ലോഗോസ് ക്വിസ് പരീക്ഷയ്ക്കായി ഒരുങ്ങാം

**പഠിച്ചൊരുങ്ങാനുള്ള വചനഭാഗം**

▸ ന്യായാ 11 ▸ പ്രഭാ 47 ▸ എഫേ 4 ▸ ലൂക്കാ 24

1. ജഫ്തായുടെ പിതാവിന്റെ പേര്?
2. "ഈ ദിവസങ്ങളിൽ ജറുസലേമിൽ നടന്ന സംഭവമൊന്നും അറിയാത്ത അപരിചിതനാണോ നീ?" എന്നു ചോദിച്ചത് ആരാണ്?
3. ദാവീദിന്റെ നാളുകളിൽ പ്രവചനം നടത്തിയിരുന്നത് ആര്?
4. ഒരു കർത്താവും ഒരു വിശ്വാസവും ഒരു – – – –ഉം ആണ് ഉള്ളത്.
5. ജഫ്ത തന്റെ സഹോദരന്മാരിൽ നിന്നും ഓടിപ്പോയി താമസിച്ചത് എവിടെ?
6. അവൻ ദൈവത്തിന്റെയും മനുഷ്യരുടെയും മുൻപിൽ വാക്കിലും പ്രവർത്തിയിലും ശക്തനായ – – – – – – – – ആയിരുന്നു.
7. അവിടുന്ന് അവന് രാജ്യത്വവും, ഇസ്രായേലിൽ മഹത്വത്തിന്റെ – – – – – – –ഉം ഉടമ്പടി വഴി നൽകി.
8. നമുക്കോരോരുത്തർക്കും ക്രിസ്തുവിന്റെ ദാനത്തിനനുസൃതമായി – – – – – – നൽകപ്പെട്ടിരിക്കുന്നു.
9. മൊവാബു രാജാവായ സിപ്പോറിന്റെ പുത്രന്റെ പേര്?
10. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരോട് വഴിയിൽ വച്ച് യേശു വിശുദ്ധ ലിഖിതം വിശദീകരിച്ചപ്പോൾ അവർക്ക് എന്തു സംഭവിച്ചു?
11. കർത്താവിന്റെ നാമത്തിൽ ആലയം നിർമ്മിച്ചതാര്?
12. സ്നേഹത്തിൽ സത്യം പറഞ്ഞുകൊണ്ട് – – – – – – എല്ലാ വിധത്തിലും നാം വളരേണ്ടിയിരിക്കുന്നു.
13. ഇസ്രായേലിനെതിരെ യുദ്ധത്തിനു വന്നതാര്?
14. യേശു അവരുടെ മദ്ധ്യേ പ്രത്യക്ഷനായി അവരോട് അരുളിചെയ്തതെന്ത്?
15. വിഡ്ഢിത്തത്തിൽ ഒന്നാമനും വിവേകത്തിൽ ഒടുവിലത്തവനും ആര്?
16. വ്യർഥചിന്തയിൽ കഴിയുന്ന ആരെപ്പോലെ ജീവിക്കരുതെന്നാണ് പറയുന്നത്?
17. ഗിലയാദുകാരനായ ജഫ്തായുടെ പുത്രിയെ ഓർത്ത് ഇസ്രായേൽ പുത്രിമാർ വർഷംതോറും എത്ര ദിവസമാണ് കരയാൻ പോയത്?
18. ശിഷ്യന്മാർ ദൈവത്തെ സ്തുതിച്ചുകൊണ്ട് എവിടെയാണ് കഴിഞ്ഞുകൂടിയത്?
19. ജറോബോവാമിന്റെ പിതാവിന്റെ പേര്?
20. രക്ഷയുടെ ദിനത്തിനു വേണ്ടി നിങ്ങളെ മുദ്രിതരാക്കിയ ദൈവത്തിന്റെ – – – – – വേദനിപ്പിക്കരുത്.



ശരിയുത്തരങ്ങൾ അയച്ചവരിൽ നിന്ന് നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്ത വിജയി

**ഉഷ ജോസഫ്, മേത്തല**

**ഉത്തരങ്ങൾ സെപ്റ്റംബർ 15–ാം തീയതിക്ക് മുൻപായി ഇമെയിൽ വഴിയോ, കത്ത് മുഖേനയോ പേരും സ്ഥലവും ഫോൺ നമ്പർ സഹിതം ഓഫീസിൽ അറിയിക്കേണ്ടതാണ്. ശരിയുത്തരങ്ങൾ അയക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ വിജയികളെ കണ്ടെത്തുന്നു.**

**ഉത്തരങ്ങൾ അയക്കേണ്ട വിലാസം**

didimoskottapuram@gmail.com

**എഡിറ്റർ, ദിദിമോസ്, കാറ്റിക്കിസം ഓഫീസ്, വികാസ്, കോട്ടപ്പുറം – 680 667**



*അവിടുന്നു നിന്റെ അകൃത്യങ്ങൾക്ഷമിക്കുന്നു; നിന്റെ രോഗങ്ങൾ സുഖപ്പെടുത്തുന്നു.*
സങ്കീർത്തനങ്ങൾ 103:3

## കൊടുങ്ങല്ലൂർ – കോട്ടപ്പുറം
## സെൻ്റ് മൈക്കിൾസ് കത്തീഡ്രലിലെ

# വി. മിഖായേൽ മാലാഖയുടെ
# തിരുനാൾ

**2025 സെപ്റ്റംബർ 22 മുതൽ 28 വരെ**

അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിലെ
**സോജി ഓലിക്കലച്ചൻ നയിക്കുന്ന**
**പഞ്ചദിന കുടുംബ നവീകരണ ധ്യാനം**
സെപ്റ്റംബർ 5 മുതൽ 9 വരെ



**നവനാൾ ദിനങ്ങൾ**
സെപ്റ്റംബർ 10 മുതൽ 18 വരെ

**40 മണിക്കൂർ ആരാധന**
സെപ്റ്റംബർ 19, 20, 21

**കൊടികയറ്റം**
സെപ്റ്റംബർ 22 തിങ്കൾ
വൈകീട്ട് 5.30 ന്


Special Festival Offers
BASIL INDUSTRIES
56
1969-2025
YEARS OF TRUST
Pearl
Basil Industries
Since 1969
Near Pothys, Metro Pillar 606,
Kaloor, Cochin
Ph: 9846032532, 8714545453.
MUSIC
Basil's AMOR
CASIO SONY JVC YAMAHA Roland BOSS KORG Dunlop
Gibson Pearl TAMA MAPEX D'Addario ESP ERNIE BALL DigiTech
Focusrite PLUTO Granada guitars Höfner Zildjian LINE 6 ALESIS
EON ADVERTISING Ph: 98470 23355